FOR PRIVATE CIRCULATION ONLY

KERALA CATHOLIC BISHOPS' COUNCIL'S
COMMISSION FOR SOCIAL HARMONY & VIGILANCE

# JAGRATHA NEWS

247th Issue August, 2016

## പ്രധാന വാർത്തകൾ

വർഗീയപ്രവണതക്കെതിരേ ജാഗ്രത വേണം ........ 02
ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം

പൊതുവ്യക്തിനിയമം മതേതരത്വത്തിനു വിരുദ്ധമാകരുത് ........ 02
ആർച്ച്ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ

ഇന്ത്യൻസമൂഹവും ഏകീകൃതസിവിൽ നിയമവും (സിമ്പോസിയം) ........ 03

മനുഷ്യവകാശങ്ങളെ മാനിക്കുന്ന ഏകീകൃത സിവിൽ നിയമം ആവശ്യം: ........ 05
കെസിബിസി, ഐക്യജാഗ്രതാ സമിതി

ഏകീകൃത സിവിൽ കോഡ് - ഒരു പഠനം ........ 06
അഡ്വ. ജോജി ചിറയിൽ

പൊതുസിവിൽ നിയമം നടപ്പാക്കുകതന്നെ വേണം ........ 06
അഡ്വ. പി.എസ്. ശ്രീധരൻപിള്ള

സെക്കുലർ സിവിൽ കോഡ്? ........ 07
അഡ്വ. എസ്. സനൽകുമാർ

ആനുകാലിക രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങൾ, ഒരു ക്രൈസ്തവ വിലയിരുത്തൽ ........ 08
ശ്രീ. റെജി ജോസഫ്

സി.ബി.സി.ഐ., കെസിബിസി പ്രസ്താവനകൾ ........ 09-10

അധ്യാപകരുടെ നിയമന അംഗീകാരം ത്വരിതപ്പെടുത്തണം ........ 09

പൊതുസിവിൽ കോഡ്; ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യം പരിരക്ഷിക്കപ്പെടണം ........ 09

ദളിത് പീഡനം ആശങ്കാജനകം ........ 09

ഗർഭച്ഛിദ്ര അനുവാദം - സുപ്രീം കോടതി വിധി നിർഭാഗ്യകരം ........ 10

ഭരണഘടന നൽകുന്ന പൗരാവകാശങ്ങൾ ഭരണകൂടത്തിന്റെ ഔദാര്യമല്ല ........ 10

ദേശീയവിദ്യാഭ്യാസനയം: മതേതരസംസ്കാരത്തെ സംരക്ഷിക്കുന്നതാകണം ........ 10

വാർത്തകൾ ........ 10-16



**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Stanley Roman
Mar Sebastian Adayanthrath

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone +91 484 2806262
e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
Blog: Jagrathakcbc.blogspot.com

# വർഗീയപ്രവണതക്കെതിരേ ജാഗ്രത വേണം

**(2016 ജൂലൈ 7-ന് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ നടന്ന കെസിബിസി ഐക്യജാഗ്രതാകമ്മീഷന്റെ കോട്ടയം മേഖലാ നേതൃസംഗമത്തിൽ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം നടത്തിയ ഉദ്ഘാടനപ്രസംഗത്തിന്റെ സംക്ഷിപ്തം)**

സമൂഹത്തിന്റെ പൊതുവായ കാര്യങ്ങളിൽ ഐക്യത്തോടെ ജാഗ്രതപുലർത്തേണ്ടത് എക്കാലത്തും അനിവാര്യമാണ്. ഒരു പൗരനെന്നനിലയിൽ രാഷ്ട്രീയപരമായ കാര്യങ്ങളിലും മറ്റ് ഭൗതിക വിഷയങ്ങളിലും ജാഗ്രതയോടെ പ്രതികരിക്കണ്ടത് പൗരാവകാശവും കടമയുമാണ്. അതുപോലെതന്നെ ഒരു ആത്മീയ പൗരത്വവും നമുക്കുണ്ട്. ഈ പൗരത്വം മതപരവും, ആത്മീയവുമായ മൂല്യച്യുതിക്കും അപചയത്തിനുമെതിരെ ജാഗ്രതയോടെ പ്രവർത്തിക്കാനുള്ള പ്രതിബദ്ധത ആവശ്യപ്പെടുന്നു. ജാഗ്രതയ്ക്ക് പ്രധാനമായും നാല് തലങ്ങളുണ്ട് - രാഷ്ട്രീയതലം, സാമൂഹ്യതലം, മത-ആദ്ധ്യാത്മികതലം, സഭാ-സാമുദായികതലം. രാജ്യത്തെ എല്ലാ പൗരന്മാരെയും സമഗ്രതയിൽ ഉൾക്കൊള്ളുന്ന മനോഭാവമാണ് രാഷ്ട്രീയമായ ജാഗ്രതയുടെ അടിസ്ഥാനം. വ്യക്തി എന്ന നിലയിലും, വിശ്വാസി എന്ന നിലയിലും ഓരോ വ്യക്തിക്കും സ്വന്തം നിലപാടും, വിശ്വാസവും, തനിമയുമുണ്ട്. എങ്കിലും കക്ഷിരാഷ്ട്രീയ ജാതിമത ഭേദമില്ലാതെ എല്ലാവരേയും ഉൾക്കൊള്ളുന്നതും, സത്യം, നീതി, ധർമ്മം, എന്നീമൂല്യങ്ങൾ നിലനില്ക്കുന്നതുമായ ഒരു രാഷ്ട്രീയ വ്യവസ്ഥിതിക്കുവേണ്ടി നാം എപ്പോഴും ജാഗരൂകരായിരിക്കണം.

ഓരോ രാജ്യത്തിനും സമുദായത്തിനും പ്രദേശത്തിനും അവരുടേതായ സാമൂഹ്യവും സാംസ്കാരികവുമായ പൈതൃകമുണ്ടായിരിക്കും. ഭിന്ന സംസ്കാരത്തിലെ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന കാഴ്ചപ്പാട് നമുക്കുണ്ടാകണം. മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം. മൂല്യശ്ലോഷണത്തിനെതിരേ ജാഗ്രത പുലർത്തണം. കുടുംബബന്ധങ്ങളിലെയും, മനുഷ്യ-വ്യക്തിബന്ധങ്ങളിലെയും മൂല്യങ്ങൾ വളർത്തണം. അതിനായി ബോധവൽക്കരണം നൽകുന്നതിൽ നാം ജാഗരൂകരാകണം. സംസ്കാരത്തെയും പൈതൃകത്തെയുംകുറിച്ചുള്ള ചരിത്രപരവും മാനവികവുമായ വീക്ഷണവും പ്രവാചകതുല്യ ദീർഘവീക്ഷണവും ജാഗ്രതയുടെ മാനങ്ങളാണ്. മതങ്ങളുടെ വൈവിധ്യം കൊണ്ട് സമ്പന്നമാണ് നമ്മുടെ നാട്. എല്ലാ മതങ്ങളും പരസ്പരം നല്ല ബന്ധം നിലനിറുത്തണം. നാനാത്വത്തിലെ ഏകത്വം കാത്തുസൂക്ഷിക്കണം. മതങ്ങളുടെ വൈവിധ്യം അംഗീകരിക്കപ്പെടണം. മതേതരത്വത്തെയും മാനവിക മൂല്യങ്ങളെയും തകർക്കുന്ന വർഗീയ പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്തണം. എല്ലാവരെയും ഉൾക്കൊള്ളുന്നതും അംഗീകരിക്കുന്നതും സ്നേഹിക്കുന്നതുമായ കത്തോലിക്കാ വിശ്വാസത്തിന്റെ വീക്ഷണത്തിന് ഇന്ന് പ്രസക്തിയേറുകയാണ്.



**ആർച്ച്ബിഷപ്
മാർ ജോസഫ്
പെരുന്തോട്ടം**

സഭാ-സാമുദായിക തലത്തിനുള്ളിലുള്ള ഐക്യം വളരെ പ്രധാനപ്പെട്ടതും കരുതലോടെ കാണേണ്ടതുമായ മേഖലയാണ്. ആദ്ധ്യാത്മിക പൊരുത്തവും, പരസ്പരധാരണയും സഭയ്ക്കുള്ളിൽ ഉണ്ടായില്ലെങ്കിൽ നമ്മുടെ ധാർമ്മിക ശക്തി ശോഷിക്കും. കത്തോലിക്കാസഭയിലെ വൈവിധ്യത്തെ അംഗീകരിക്കുവാനും ഒരുമിച്ച് സാമൂഹിക പ്രശ്നങ്ങളെ നേരിടാനും പ്രതിരോധിക്കാനും വിശ്വാസം സംരക്ഷിക്കുവാനും വളർ ത്തുവാനും അവസരമൊരുക്കണം. സഭയ്ക്കുള്ളിലെ മൂന്ന് റീത്തുകളും ഒരുപോലെ പരസ്പരം ആദരവും സൗഹാർദ്ദവും വളർത്തുകയും, പ്രോത്സാഹിപ്പിക്കുകയും വേണം. പരസ്പര സൗഹാർദ്ദത്തോടെ പൊതുനന്മയ്ക്കുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ കത്തോലിക്കാസഭാ വിഭാഗങ്ങൾക്കു കഴിയണം. ക്രിസ്തുകേന്ദ്രീകൃതമായ ആത്മീയതയെ തകർക്കുന്ന ഏതൊന്നിനെയും ജാഗ്രതയോടെ നേരിടണം.

# പൊതുവ്യക്തിനിയമം മതേതരത്വത്തിനു വിരുദ്ധമാകരുത്

**(2016 ജൂലൈ 7-ന് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ നടന്ന കെസിബിസി ഐക്യജാഗ്രതാകമ്മീഷന്റെ കോട്ടയം മേഖലാ നേതൃസംഗമത്തിൽ ആർച്ച്ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ നടത്തിയ അനുഗ്രഹപ്രഭാഷണത്തിന്റെ സംക്ഷിപ്തം)**

മനുഷ്യന്റെ സാമൂഹ്യ, രാഷ്ട്രീയ, വിശ്വാസമേഖലകളിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യച്യുതികൾക്കും അപചയങ്ങൾക്കുമെതിരെ നാം സദാ ജാഗരൂകരാകേണ്ടിയിരിക്കുന്നു. ഇതിന് ശരിയായ ബോധവല്കരണം ആവശ്യമാണ്. ആദ്ധ്യാത്മിക-വിശ്വാസ -മൂല്യസംബന്ധമായ കാര്യങ്ങൾ പ്രത്യേക പ്രാധാന്യത്തോടെ പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും അവ സഫലീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം. കുടുംബം, സ്കൂൾ, ഇടവക, മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയിൽനിന്ന് തന്നെ ഈ ജാഗ്രത പ്രവർത്തനങ്ങൾ ആരംഭിക്കണം. ശരിയായ വിശ്വാസവും മൂല്യങ്ങളും ചിന്തകളും കൈമാററം ചെയ്യപ്പെടുകയും അത് വളരുന്ന തലമുറയെ സ്വാധീനിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.

പ്രത്യേകമായ ജാഗ്രത പുലർത്തേണ്ട മേഖലയാണ് വിദ്യാഭ്യാസം. ന്യൂനപക്ഷങ്ങളെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനും അനുവദിച്ചിരിക്കുന്നത് കേവലം മെച്ചപ്പെട്ട നിലയിൽ സ്ഥാപനം നടത്താൻ മാത്രമല്ല. അതോടൊപ്പം വിശ്വാസപരിശീലനം നൽകാൻ കൂടിയാണ്. ഇത് സംബന്ധിച്ച സുപ്രീംകോടതിയുടെ അനുകൂല വിധി ഉണ്ടായിട്ടുണ്ട്. എന്നാൽ നാം വേണ്ടരീതിയിൽ വിശ്വാസപരിശീലനം നൽകാൻ ശ്രമിക്കാറില്ല എന്നതാണ് വാസ്തവം. ന്യൂനപക്ഷങ്ങൾക്ക് സ്വയം രക്ഷിക്കാനാകാത്തതിനാലാണ് അവരുടെ സംരക്ഷണത്തിന് ന്യൂനപക്ഷാവകാശം നൽകിയിട്ടുള്ളത്. ആയതിനാൽ നാം നമ്മുടെ പ്രാഥമിക കർത്തവ്യം മറക്കാതിരിക്കുകയും ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതിരിക്കുകയും ചെയ്യുവാൻ ജാഗ്രത പുലർത്തണം. എല്ലാ



**ആർച്ച്ബിഷപ്
മാർ ജോസഫ്
പൗവ്വത്തിൽ**

ക്രൈസ്തവ വിഭാഗങ്ങളെയും ഒരുമിച്ച് നിറുത്താനുള്ള ജാഗരൂകത ആവശ്യമാണ്. വർഗീയ ശക്തികളെ നേരിടാനും വിദ്യാഭ്യാസമേഖലയിലെ പ്രശ്നങ്ങൾക്ക് പ്രതിവിധി കണ്ടെത്താനും ഇതാവശ്യമാണ്. മറ്റ് ന്യൂനപക്ഷ വിഭാഗങ്ങളുടെയും ആവശ്യങ്ങളിൽ ഇതേ താല്പര്യം ഉണ്ടാകണം. അവരുമായി അഭിപ്രായ സമന്വയം വളർത്തുന്നതിൽ ജാഗ്രതയുണ്ടാകണം.

ഏകീകൃത സിവിൽ കോഡ് സ്വാഗതാർഹമാണ്. അത് ഭരണഘടനയുടെ *ഡയറക്ടീവ് പ്രിൻസിപ്പിൾസിൽ* ഉൾപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ അതിന്റെ പേരിൽ മതപരമായ രംഗത്ത് കൈയേറ്റം ഉണ്ടാകാൻ പാടില്ല. വിവാഹം പോലുള്ള മതപരമായ ആചാരങ്ങളുടെ തനിമയെ അത് തകർക്കരുത്. ദൈവത്തിന്റേത് ദൈവത്തിനും, സീസറിന്റേത് സീസറിനും തന്നെയായിരിക്കണം. മതത്തിന്റെമേൽ രാഷ്ട്രത്തിന്റെ അനധികൃത അധിനിവേശം ഉണ്ടാക്കുന്ന ഏകീകൃത സിവിൽ കോഡ് ഭരണഘടനയിലെ മതേതരത്വത്തിനു വിരുദ്ധമാണ്. മതന്യൂനപക്ഷങ്ങളുടെ സംസ്കാരങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണു ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടന അനുവദിച്ചിട്ടുള്ളത്. മത-രാഷ്ട്രബന്ധത്തിൽ ജനങ്ങളെ ഒറ്റക്കെട്ടായി നിർത്തുവാനുള്ള ബോധവൽക്കരണം ഉണ്ടാകണം. പുതിയ നിയമങ്ങൾ അതിന് സഹായകമാകണം.

# ഇന്ത്യൻസമൂഹവും ഏകീകൃതസിവിൽ നിയമവും (സിമ്പോസിയം)

**(കെസിബിസി ഐക്യജാഗ്രതാകമ്മീഷനും, കേരള കാത്തലിക് ഫെഡറേഷനും (കെ.സി.എഫ്) സംയുക്തമായി 2016 ജൂലൈ 23-ന് പി.ഒ.സിയിൽ സംഘടിപ്പിച്ച സിമ്പോസിയത്തിന്റെ സംക്ഷിപ്തം)**




## പൂർണ്ണമായ ഏകീകരണം സാദ്ധ്യമോ?



**ഫാ. വർഗീസ് വള്ളിക്കാട്ട്**

ഇന്ത്യൻ ഭരണഘടന എത്തിപ്പിടിക്കേണ്ട ഒരു സാദ്ധ്യതയായി നിർദ്ദേശിക്കുന്ന ഏകീകൃത സിവിൽ കോഡിനെ സംബന്ധിച്ച് സമഗ്രമായ നിർദേശം സമർപ്പിക്കാൻ കേന്ദ്രസർക്കാർ ലോകമ്മീഷനോട് ആവശ്യപ്പെട്ടിരിക്കുന്നു. രാജ്യത്തിന്റെ പൊതു നിയമസംവിധാനത്തിൽ വ്യക്തിനിയമത്തിനു പ്രസക്തിയെന്ത്? മതേതര ജനാധിപത്യ രാജ്യമായ ഭാരതത്തിന് മതേതര സ്വഭാവമുള്ള പൊതു നിയമങ്ങളല്ലേ വേണ്ടത്? മതാധിഷ്ഠിത വ്യക്തിനിയമങ്ങൾക്ക് വ്യക്തികളുടെയും കുടുംബങ്ങളുടെയും അനുദിന ജീവിതത്തിലും ഭരണഘടനാപരമായ കടമകളിലും ഉത്തരവാദിത്വങ്ങളിലുമുള്ള പങ്ക് എന്താണ്? ഇത്തരം ചോദ്യങ്ങൾ സ്വാഭാവികമായും ഉയർന്നുവരുന്നുണ്ട്. സ്വാതന്ത്ര്യത്തിന് മുമ്പ് ബ്രിട്ടീഷ് ഭരണകാലത്തും വ്യക്തിനിയമങ്ങൾ അനുവദിച്ചിരുന്നു. സ്വാതന്ത്ര്യം കിട്ടിയശേഷം സിവിൽ, ക്രിമിനൽ നിയമങ്ങൾക്കൊപ്പം വ്യക്തിനിയമങ്ങളടെ പ്രാധാന്യം നിലനിർത്തുകയും ഒരു മതനിരപേക്ഷ പൊതുനിയമത്തിന്റെ ആവശ്യകതയെക്കുറിച്ച് ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശക തത്വത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. 1975മുതൽ പല കോടതി വിധികളിലും ഏകീകൃത സിവിൽ നിയമത്തിന്റെ പ്രസക്തി എടുത്തുപറഞ്ഞിട്ടുണ്ട്.

ഏകീകൃത സിവിൽ നിയമം വ്യക്തി നിയമത്തിന്റെ അന്ത്യമോ എന്ന ചിന്തയുണ്ടാകുന്നുണ്ട്. മതവിഷയങ്ങളിൽ ദൈവിക നിയമങ്ങളുടെ സ്ഥാനത്ത് മനുഷ്യനിർമ്മിത നിയമങ്ങളുടെ അസ്വീകാര്യത മുസ്ലീം സമുദായം പ്രകടമാക്കുന്നുണ്ട്. ന്യൂനപക്ഷമെന്ന നിലയിൽ ക്രൈസ്തവർക്കും ആശങ്കയുണ്ട്. ഇന്ത്യയിൽ ഇന്നത്തെ പശ്ചാത്തലത്തിൽ പ്രതീക്ഷയേക്കാൾ കൂടുതൽ ആശങ്കകളുണ്ടാകുന്നത് സ്വാഭാവികമാണ്. ഇത് മതനിരപേക്ഷത വളർത്തുമോ, കാവിവൽക്കരണം നടത്തുമോ എന്ന സംശയം ബലപ്പെടുന്നു. ന്യൂനപക്ഷ സമൂഹങ്ങളുടെ ന്യൂനപക്ഷ പദവി, സ്ഥാപനങ്ങളുടെയും സ്വത്തുവകകളുടെയും ഭരണപരമായ ഓട്ടോണമി എന്നിവയെ സംബന്ധിച്ചും ആശങ്കയുണ്ട്. ഹിന്ദു സിവിൽ കോഡ്, പരമ്പരാഗത കുടുംബ സങ്കല്പങ്ങൾ, വിവാഹം, ജാതിവ്യവസ്ഥ, ലിംഗനീതി ഇവയ്ക്ക് മാറ്റം വരുത്തി. എങ്കിലും സിവിൽ കോഡിന്റെ ഏകീകരണമാണോ രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം? പൂർണ്ണമായ ഏകീകരണം സാദ്ധ്യമോ? ന്യായമായ വൈവിധ്യം പരിരക്ഷിക്കുകയും, ഉറപ്പാക്കുകയും ചെയ്യുകയല്ലേ വേണ്ടത്? അതുമല്ലെങ്കിൽ ഒരു വോളന്ററി ഏകീകൃത സിവിൽ കോഡ് ആകാമോ? ഇവയൊക്കെ നാം ചിന്തിക്കേണ്ടതാണ്. ഭരണഘടനയുടെ സമഗ്രത, മനുഷ്യാവകാശം, മതവിശ്വാസങ്ങളുടെ സംരക്ഷണം ഇവ ഉറപ്പാക്കുന്ന ഒരു നിയമനിർമ്മാണമല്ലേ ഉണ്ടാകേണ്ടത്? സാമൂഹ്യപരിഷ്ക്കരണം മതത്തിനുള്ളിൽ നിന്ന് വരണം. അതിന് നിയമനിർമ്മാണം കൊണ്ട് മാത്രം മതിയാവുകയില്ല. ജനാധിപത്യം, മതനിരപേക്ഷത ഇവയെ ദുർബലപ്പെടുത്താൻ ആരെയും അനുവദിക്കരുത്.

# പൗരബോധത്തെ ശാക്തീകരിക്കണം



ടി.എ. അഹമ്മദ് കബീർ
എം.എൽ.എ. (മുസ്ലീം ലീഗ് സംസ്ഥാന സെക്രട്ടറി)

രാജ്യത്തെ മൊത്തം ബാധിക്കുന്ന ഒരു വിഷയമെന്നതിനാൽ ഏകീകൃതസിവിൽ നിയമം എന്ന ആശയത്തെ എറെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുണ്ട്, ശരിയായി വിചിന്തനം നടത്തേണ്ടതുണ്ട്. എന്താണിതെന്ന് പഠിക്കണം, മനസ്സിലാക്കണം. ഏകീകൃത സിവിൽ കോഡിന്റെ പ്രായോഗികമായ കാര്യങ്ങളിലുള്ള അവ്യക്തത കൊണ്ട് തന്നെയാണ് ഭരണഘടനാശില്പികൾ അതിനെ മാർഗ്ഗനിർദ്ദേശകതത്വത്തിൽ ഉൾപ്പെടുത്തിയത്. ഏറ്റവും പ്രധാനപ്പെട്ടത് മൗലിക അവകാശങ്ങളും അതിന് അനുരൂപമായ പൗരന്റെ കടമകളുമാണ്. മാത്രമല്ല, മതന്യൂനപക്ഷങ്ങളെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വീക്ഷണമല്ല ഈ വിഷയത്തിൽ ആവശ്യം. ഇന്ത്യ ഒരു റിപ്പബ്ലിക് ആണ്. ലിഖിതമായ ഭരണഘടന അതിനുണ്ട്. പ്രാദേശിക, ഉപജാതി വിഷയങ്ങളിൽ അസ്വാരസ്യങ്ങൾ നമ്മുടേതുപോലുള്ള ഒരു രാജ്യത്ത് സ്വാഭാവികമാണ്. ഇവിടെ പൗരബോധത്തെ ശാക്തീകരിക്കേണ്ടത് വിദ്യാഭ്യാസത്തിലൂടെയാണ്. രാഷ്ട്രനിർമ്മാണത്തിൽ പൗരനുള്ള ഉത്തരവാദിത്വവും, കടമയും മറ്റെന്തിനേക്കാളും പ്രാധാന്യമർഹിക്കുന്നു. കക്ഷിരാഷ്ട്രീയത്തെക്കാൾ വലുത് ഇന്ത്യയുടെ രാഷ്ട്രീയമാണ്. ആയതിനാൽ പൗരന്റെ ഉത്തരവാദിത്വങ്ങളെയും കടമയെയും താഴ്ത്തിക്കെട്ടുന്ന യാതൊരു രാഷ്ട്രീയ അഭ്യാസങ്ങളും പ്രോത്സാഹിപ്പിക്കപ്പെടാൻ പാടില്ല. പ്രകൃതിയുടെ താളം നിലനിറുത്തണം. വിശ്വാസങ്ങൾ യുക്തിഭദ്രമല്ല, ആപേക്ഷികമാണ് എന്നതിനോട് യോജിക്കാനാകില്ല. വിശ്വാസം യുക്തി ഭദ്രമായിരിക്കണം.

# ഏകീകൃത നിയമം മതേതരത്വത്തിന്റെ അവിഭാജ്യഘടകം



പി. രാജൻ
(മുതിർന്ന പത്രപ്രവർത്തകൻ)

ഇന്ത്യ ഒരു മതേതരരാജ്യമാണ്. ഏകീകൃത നിയമം മതേതരത്വത്തിന്റെ അവിഭാജ്യഘടകമാണ്. ആയതിനാൽ പരസ്പര വിരുദ്ധ അഭിപ്രായങ്ങൾക്ക് പ്രസക്തിയില്ല. ഇഷ്ടമുള്ളവർക്ക് ഇഷ്ടം പോലെ ജീവിക്കാം എന്ന നിലപാടിന് സാധുതയില്ല. വ്യത്യസ്തമതക്കാർ വ്യത്യസ്തനിയമത്തിൻ കീഴിൽ ജീവിക്കുന്നത് മതേതരത്വത്തിന് വിരുദ്ധമാണ്. ഒരു മതത്തിനകത്തുതന്നെ സ്വത്തവകാശം പോലെയുള്ള കാര്യങ്ങളിൽ ഏകീകൃത നിയമമില്ലാത്ത സാഹചര്യം നിലനില്ക്കുന്നു. എന്നാൽ സതി, നരബലി, മൃഗബലി, തൊട്ടുകൂടായ്മ എന്നിവയുടെ നിരോധനം സ്റ്റേറ്റിന്റെ ഇടപെടൽ വഴി ഉണ്ടായത് നാം കണ്ടതാണ്. വ്യക്തിനിയമം സാമൂഹ്യപ്രശ്നം കൂടിയാണ്. (ഉദാ: ഇഷ്ടദാനം). മനുഷ്യാവകാശങ്ങൾക്ക് വിധേയമായ വ്യക്തിനിയമം ഇവിടെ ആവശ്യമാണ്. വിവാഹത്തിനുപുറമെ കുട്ടികളുണ്ടാകുന്നത് ഒരു മതവും അംഗീകരിക്കുന്നില്ല. എന്നാൽ യു.എൻ അംഗീകരിക്കുന്നു. അതുപോലെ വിവാഹേതര ബന്ധത്തിലെ കുട്ടിക്ക് അവകാശമുണ്ട്. സ്ത്രീയ്ക്കും പുരുഷനും തുല്യഅവകാശം എല്ലാക്കാര്യങ്ങളിലും വേണം -സ്വത്ത്, വിവാഹം, വിവാഹമോചനം എന്നിവ ഉദാഹരണങ്ങളാണ്. മുസ്ലീം സമുദായത്തിൽ പുരുഷന് ഒന്നിലധികം വിവാഹമാകാം എന്നത് സ്ത്രീക്ക് ബാധകമല്ല.

കാലാനുസൃതമായ മാറ്റങ്ങൾ നിയമത്തിലുണ്ടാകണം എന്നതും ഏകീകൃത സിവിൽ കോഡിനുള്ള ഒരു ന്യായീകരണമാണ്. കുടുംബാസൂത്രണം പണ്ടില്ലായിരുന്നു. എന്നാൽ പിന്നീടുണ്ടായി. അതുപോലെ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റം ആവശ്യമെന്ന് കണ്ടതിനാലാണ് ലോ കമ്മീഷന് കേന്ദ്ര സർക്കാർ നിർദ്ദേശം നല്കിയത്. നിയമം ഉള്ളതുകൊണ്ടല്ലേ സ്ത്രീകൾക്കും, പട്ടികജാതിക്കാർക്കുമൊക്കെ സംവരണസീറ്റുകളിലേക്ക് മത്സരിക്കാനാകുന്നത്? അതുപോലെതന്നെ സ്ത്രീകളുടെ വോട്ടവകാശം, സ്വത്തിനുള്ള അവകാശത്തെക്കുറിച്ചുള്ള സുപ്രീം കോടതിവിധികൾ എന്നിവ കാലാനുസൃതമായ സൂചനകളും മാറ്റങ്ങളുമായി കാണണം. കാലാനുസൃതമായ നിയമനിർമ്മാണം നിർണ്ണായകമാണെന്ന് ഇതെല്ലാം വ്യക്തമാക്കുന്നു. അത് സെക്കുലറിസത്തിന്റെ അനിവാര്യതയാണ്. ജാതിതിരിച്ച് കാതിൽ കടുക്കനിടുന്നതും, ജാതിതിരിച്ച് പ്രത്യേകരീതിയിൽ മുടിവെട്ടുന്നതുമെല്ലാം മാറ്റപ്പെട്ടത് രാഷ്ട്രീയ പ്രവർത്തനത്തിലൂടെയും ജനങ്ങളുടെ പരസ്പര ബന്ധപ്പെടലിലൂടെയുമാണ്. ആയതിനാൽ വിദ്യാഭ്യാസവും സെക്കുലർ ആകണം – ഒരു സംഗീതംപോലെ.

# പൊതു സ്വീകാര്യതയുള്ള സിവിൽ കോഡ് നടപ്പാക്കേണ്ടതാണ്



ഡോ. സിറിയക് തോമസ്
*(മുൻ വൈസ് ചാൻസിലർ, എം.ജി. യൂണിവേഴ്സിറ്റി)*

ഏകീകൃത സിവിൽ കോഡിനുള്ള കേന്ദ്ര സർക്കാരിന്റെ ആഹ്വാനത്തിൽ രാഷ്ട്രീയം കാണരുത്. അതിൽ ദുരുദ്ദേശ്യമില്ല. മറിച്ച് യുക്തിഭദ്രമാണ്. ഇപ്പോൾ ഈ വിഷയം പഠിക്കാൻ മാത്രമേ സർക്കാർ പറഞ്ഞിട്ടുള്ളു. വിശ്വാസം, സംസ്കാരം, കാലാവസ്ഥ, ഭൂപ്രകൃതി, വിഭവശേഷി എന്നിവയിൽ രാജ്യത്ത് വൈവിധ്യമുണ്ട്. അത് ഒഴിവാക്കാനാവില്ല. ഇത് നിലനിറുത്തിയുള്ള അഖണ്ഡത നാം സൂക്ഷിക്കേണ്ടതുണ്ട്. വൈവിധ്യങ്ങളെ പൂർണ്ണമായി മാറ്റാനാവില്ല. പക്ഷെ ഏകത്വത്തിന്റെ ഘടകങ്ങൾ സാദ്ധ്യമാക്കുകയും സംസ്ഥിതമാക്കുകയും വേണം.

നമ്മുടെ ഭരണഘടന നമ്മുടെ അടിസ്ഥാന നിയമമാണ്. അത് സുപ്രീം നിയമം ആണ്. അതിന്റെ പവിത്രത നിലനിറുത്തണം. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നമ്മുടെ ഭരണഘടനയുടെ മഹത്വമാണ്. ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ എഴുതിചേർത്തവർ തന്നെയാണ് മാർഗ്ഗനിർദ്ദേശകതത്വങ്ങളും എഴുതിയത്. ആയതിനാൽ ഒന്ന് ബാധകവും മറ്റേത് ബാധകല്ലാതാവുകയുമരുത്. മാർഗ്ഗനിർദ്ദേശകതത്വത്തിൽ ഉൾപ്പെടുത്തിയവ എന്ന നിലയിൽ ഏകീകൃത നിയമം എന്നെങ്കിലും നടപ്പാക്കേണ്ടതാണ്. എന്നാൽ അത് ഭരണഘടനയെ എതിർക്കുന്നതോ, അതിന്റെ അടിസ്ഥാനസ്വഭാവത്തിന് വിരുദ്ധമോ, അതിനെ ദുർബലപ്പെടു

ത്തുന്നതോ ആകാൻ പാടില്ല. ന്യൂനപക്ഷങ്ങളുടെ അടിസ്ഥാനപരമായ അവകാശങ്ങൾ നിഷേധിക്കുന്നില്ലെന്ന് ഉറപ്പുവരുത്തണം. മതവിശ്വാസപ്രമാണങ്ങൾക്ക് വിരുദ്ധമല്ലാത്ത ഏതു നിയമത്തിനും സ്വീകാര്യത ഉണ്ടാകണം. ആചാരാനുഷ്ഠാനങ്ങളിൽ കാലാനുസൃതമായി മാറ്റം വരും.(ഉദാ: കുർബാന പരിഷ്ക്കരണം)

ചില അനുഷ്ഠാനങ്ങളിലും കീഴ്വഴക്കങ്ങളിലും മാറ്റം വേണ്ടിവരും. കാരണം നിയമം മനുഷ്യനു വേണ്ടിയാണ്. ക്രിസ്ത്യൻ പിൻതുടർച്ചാവകാശം  നീതിയുക്തമല്ലായിരുന്നതുകൊണ്ടല്ലേ കോടതി ഇടപെടേണ്ടിവന്നത്? ഹിന്ദു സിവിൽ കോഡ് നമ്മുടെ തലയിൽ കെട്ടിവയ്ക്കുന്നു എന്ന് വിധിയെഴുതരുത്. സിവിൽ കോഡ് വ്യക്തിപരമായ കാര്യങ്ങളെക്കുറിച്ചുള്ള ഒരു നിയമസംഹിതയാണ്. അത് എല്ലാവർക്കും ബാധകമായ നിയമങ്ങളാണ്. അത് മതേതരത്വത്തിന്റെ മൂലക്കല്ലും അതിനെ ഊട്ടി ഉറപ്പിക്കുന്നതുമാകണം.

ഒരു സ്റ്റേറ്റിനും മാറ്റമില്ലാതിരിക്കാൻ പറ്റില്ല. സമീപനങ്ങളിൽ കാലാനുസൃതം മാറ്റം വേണമെന്ന് ഫ്രാൻസീസ് മാർപാപ്പയും പറയുന്നുണ്ടല്ലോ. ഭരണഘടനാ ശില്പി ഡോ. അംബേദ്കറും ഇത് പറഞ്ഞിട്ടുണ്ട്. പൊതു സ്വീകാര്യതയുള്ള സിവിൽ കോഡ് സമൂഹത്തെ വിഭജിക്കാനുള്ളളതല്ല, ഒന്നാക്കുന്ന ഘടകമാണ്.

# മനുഷ്യവകാശങ്ങളെ മാനിക്കുന്ന ഏകീകൃത സിവിൽ നിയമം ആവശ്യം:

## കെസിബിസി, ഐക്യജാഗ്രതാ സമിതി




കെസിബിസി ഐക്യജാഗ്രതാകമ്മീഷനും കേരള കാത്തലിക് ഫെഡറേഷനും സംയുക്തമായി നടത്തിയ സിമ്പോസിയത്തിൽ ശ്രീ. ടി. എ. അഹമ്മദ് കബീർ എം.എൽ.എ പ്രസംഗിക്കുന്നു. വി. സി. ജോർജുകുട്ടി, ഡോ. സിറിയക് തോമസ്, ശ്രീ. പി. രാജൻ, ഫാ. വർഗ്ഗീസ് വള്ളിക്കാട്ട്, ശ്രീ. ഷാജി ജോർജ്, ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി, ശ്രീ. മോൻസൺ കെ. മാത്യു, പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ എന്നിവർ വേദിയിൽ

**കൊച്ചി:** മനുഷ്യവകാശങ്ങൾ മാനിക്കുകയും ഭരണഘടനയുടെ അന്തഃസത്ത അംഗീകരിക്കുകയും ചെയ്യുന്ന ഒരു ഏകീകൃത സിവിൽ നിയമമാണു രാജ്യത്തിന് ആവശ്യമെന്ന് ഇന്ത്യൻ സമൂഹവും ഏകീകൃത സിവിൽ നിയമവും എന്ന വിഷയത്തിൽ എറണാകുളം പി.ഒ.സിയിൽ നടന്ന സിംപോസിയം ചൂണ്ടിക്കാട്ടി.

കെസിബിസി ഐക്യജാഗ്രതാകമ്മീഷനും കേരള കാത്തലിക് ഫെഡറേഷനും  സംയുക്തമായി നടത്തിയ സിമ്പോസിയം കെസിഎഫ് പ്രസിഡന്റ് ശ്രീ. ഷാജി ജോർജ് ഉദ്ഘാടനം ചെയ്തു. ശ്രീ. ടി. എ. അഹമ്മദ് കബീർ എം.എൽ.എ, എം. ജി. സർവ്വകാലശാലാ മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ്, മാധ്യമപ്രവർത്തകൻ ശ്രീ. പി. രാജൻ എന്നിവർ വിഷയാവതരണം നടത്തി.  രാഷ്ട്രനിർമ്മാണത്തിൽ പൗരന്മാരുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും സംരക്ഷിച്ചുകൊണ്ടാവണം നിയമപരിഷ്കരണങ്ങൾ ഉണ്ടാവേണ്ടതെന്ന് വി.സി. അഹമ്മദ് കബീർ എം.എൽ.എ അഭിപ്രായപ്പെട്ടു. ഭരണഘടനയിലെ അവകാശങ്ങളെ അംഗീകരിക്കുകയും നിർദ്ദേശകതത്വങ്ങളെ എതിർക്കുകയും ചെയ്യുന്ന നിലപാട് യുക്തിസഹമല്ലെന്ന് ഡോ. സിറിയക് തോമസ് പറഞ്ഞു. വിശ്വാസപ്രമാണങ്ങളെ ചോദ്യചെയ്യാത്ത രാജ്യത്തിന്റെ നിയമനിർമാണത്തെ അംഗീകരിക്കുകയാണ് വേണ്ടതെന്നും അദ്ദേഹം കൂട്ടിചേർത്തു. രാജ്യത്ത് മതേരത്വം നിലനിർത്തുന്നതിന് വ്യക്തിനിയമങ്ങളിൽ ഏകീകരണം ആവശ്യമാണെന്നും വ്യക്തിനിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കണമെന്നും മാധ്യമപ്രവർത്തൻ പി. രാജൻ പറഞ്ഞു.

രാജ്യത്തിന്റെ പൊതുവായ ജനാധിപത്യ മതനിരപേക്ഷ മൂല്യങ്ങളും ബഹുസ്വരതയും ദുർബലപ്പെടാതെയുള്ള നിയമനിർമ്മാണങ്ങളാണ് ഉണ്ടാകേണ്ടതെന്നു സിംപോസിയത്തിൽ മോഡറേറ്ററായിരുന്ന കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ റവ. ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് പറഞ്ഞു. കൂടാതെ, ന്യൂനപക്ഷസമൂഹങ്ങൾക്ക് ഭരണഘടന ഉറപ്പുനല്കുന്ന ന്യൂനപക്ഷപദവിയും മതവിഷയങ്ങളിലുള്ള സ്വയംഭരണാവകാശവും ഏകീകൃത സിവിൽ നിയമത്തിൻ കീഴിൽ സംരക്ഷിക്കപ്പെടുമോ, രാജ്യത്തെ ക്രൈസ്തവരുൾപ്പെടെയുള്ള ദലിത് പിന്നോക്കവിഭാഗങ്ങൾക്ക് അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ പ്രത്യേക സംരക്ഷണവും ആനുകൂല്യങ്ങളും നല്കുന്നതു സംബന്ധിച്ച് ഏകീകൃത സിവിൽ നിയമം എന്തുനിലപാടു സ്വീകരിക്കും, വ്യത്യസ്ത ജനവിഭാഗങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ സമ്പന്നത  ഉറപ്പുവരുത്തുന്നവിധം രാജ്യത്തിന്റെ ബഹുസ്വരത സംരക്ഷിക്കുന്നതിൽ ഏകീകൃത സിവിൽ നിയമം എത്രത്തോളം ഫലപ്രദമാകും തുടങ്ങി ഇനിയും വേണ്ടത്ര വ്യക്തതയില്ലാത്ത വിഷയങ്ങളിൽ ആഴത്തിലുള്ള പഠനവും അഭിപ്രായ രൂപീകരണവും ഉണ്ടാകേണ്ടത് ആവശ്യമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി, കെ.സി.എഫ്. ജനറൽ സെക്രട്ടറി ശ്രീ. മോൻസൺ കെ. മാത്യു, ട്രഷറർ പ്രൊഫ. ജോസ്കുട്ടി ഒഴുകയിൽ, സെക്രട്ടറി പ്രഷീല ബാബു, കെസിസി സെക്രട്ടറി  വി. സി. ജോർജുകുട്ടി, എം, ടോമിച്ചൻ അയ്യർകുളങ്കര, എന്നിവർ പ്രസംഗിച്ചു. (ദീപിക, 24/7/2016)

# ഏകീകൃത സിവിൽ കോഡ് – ഒരു പഠനം

**(2016 ജൂലൈ 7–ന് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ നടന്ന കെസിബിസി ഐക്യജാഗ്രതാകമ്മീഷന്റെ കോട്ടയം മേഖലാ നേതൃസംഗമത്തിൽ അഡ്വ. ജോജി ചിറയിൽ അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം)**



**അഡ്വ. ജോജി ചിറയിൽ**
(ചങ്ങനാശ്ശേരി അതിരൂപത)

നമ്മുടെ രാജ്യത്ത് ഒരു ഏകീകൃത സിവിൽ കോഡിന്റെ സാദ്ധ്യത പഠിക്കാനും അതിന് കരട് രൂപം നൽകാനും ലോ കമ്മീഷന് കേന്ദ്രഗവൺമെന്റ് നിർദ്ദേശം നൽകിയിരിക്കുകയാണ്. രാജ്യത്തിലെ എല്ലാ പൗരന്മാർക്കും ഒരുപോലെ ബാധകമായ ഏകീകൃത നിയമം ഉണ്ടാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. നമ്മുടെ ഭരണഘടനയുടെ 44–ാം വകുപ്പ് പ്രകാരം രാജ്യത്തിലെ എല്ലാപൗരന്മാർക്കും ഒരുപോലെ ബാധകമായ ഒരു ഏകീകൃത നിയമത്തിന് സാദ്ധ്യതയുണ്ട്. നിലവിൽ എല്ലാ പൗരന്മാർക്കും ബാധകമായ ഏകീകൃത ക്രിമിനൽ നിയമത്തിനും ഭൂരിപക്ഷം പേർക്കും ബാധകമായ സിവിൽകോഡിനും പ്രാബല്യമുണ്ട്. ഏകീകൃത സിവിൽ കോഡിനുള്ള സാദ്ധ്യതകൾ ഭരണഘടനയുടെ മാർഗ്ഗനിർദ്ദേശകതത്വത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പെടുക്കാൻ തത്വങ്ങൾ, സാമൂഹികം, രാഷ്ട്രീയം, സാമ്പത്തികം എന്നീകാര്യങ്ങളിൽ ഏകീകൃത നിയമങ്ങൾ ഉണ്ടാകണമെന്നാണതിന്റെ ഉദ്ദേശ്യം. മതപരവും, സാമ്പത്തികവും, രാഷ്ട്രീയപരവുമായ നീതി നടപ്പിലാക്കാനുള്ള നിയമങ്ങളാണ് ഏകീകൃത സിവിൽ കോഡിൽ ലക്ഷ്യം വച്ചിട്ടുള്ളത്.

വിവിധ മത വിഭാഗങ്ങൾക്ക് വ്യത്യസ്തമായ നിയമങ്ങളുണ്ട്. ഇവ ഫാമിലി ലോ, പേഴ്സണൽ ലോ എന്നിങ്ങനെ അറിയപ്പെടുന്നു. കുടുംബനിയമങ്ങൾ എല്ലാവർക്കും ഒന്നാക്കുക എന്നതാണ് ഏകീകൃത സിവിൽ കോഡിന്റെ പ്രസക്തി. തുല്യത, ധാർമികത (സോഷ്യൽ ജസ്റ്റിസ്) അല്ലെങ്കിൽ ദേശീയോദ്ഗ്രഥനം എന്നിവ ഇതിന്റെ അടിസ്ഥാന ലക്ഷ്യങ്ങളാണ്. 1985–ൽ മൊഴിചൊല്ലലും ജീവനാംശവുമായി ബന്ധപ്പെട്ട ഒരു കേസിലാണ് ഒരു ഏകീകൃത സിവിൽ കോഡിന്റെ പ്രസക്തിയെക്കുറിച്ച് വ്യക്തമായും പ്രകടമായും സുപ്രീം കോടതി വിധിയുണ്ടായത്. പിന്നീട് 1987ലും 1995ലുമൊക്കെ ഏകീകൃത സിവിൽ കോഡിന്റെ ആവശ്യകത സൂചിപ്പിക്കുന്ന വിധികളുണ്ടായി.

### ഏകീകൃത നിയമത്തിന്റെ അപകടങ്ങൾ

1. ഇതര മതസ്ഥരുടെ നിയമങ്ങൾ ഹിന്ദുമതത്തോട് അനുരൂപപ്പെടണമെന്ന ആഗ്രഹം ഇതിന്റെ പിന്നിലെ ഒരു ഉദ്ദേശ്യമാകാം.
2. ഭൂരിപക്ഷ വിഭാഗത്തിലേക്ക് ന്യൂനപക്ഷത്തെ എത്തിക്കുക എന്ന ശ്രമത്തിന്റെ ഭാഗം കൂടിയായി ഏകീകൃതനിയമത്തെ കാണാം.
3. തെറ്റായ തത്വചിന്തയുടെ പ്രചരണത്തിന് ഇത് ഇടം നല്കാം. ഒരു പക്ഷെ വ്യക്തി നിയമത്തെ തകർക്കുക എന്ന അപകടം ഇതിൽ പതിയിരിക്കുന്നുണ്ട്.

പൊതു സിവിൽ നിയമത്തെ മതസ്വാതന്ത്ര്യത്തിൽ നിന്നും വേറിട്ടു കാണാൻ ശ്രമിക്കണം. ഭൂരിപക്ഷത്തിന് അതാവശ്യമാണ്. മതവും വ്യക്തി നിയമവും തമ്മിൽ ബന്ധമില്ല എന്ന സൂചന 44–ാംവകുപ്പിലുണ്ട്. അതേസമയം 25–ാം വകുപ്പ് മത സ്വാതന്ത്ര്യം ഉറപ്പിക്കുന്നു. നിയമം സംസ്കാരത്തെ രൂപീകരിക്കുന്നു. ആയതിനാൽ ഏകീകൃത നിയമത്തിന് വേണ്ടി വ്യഗ്രത കാണിച്ച് ഒരിക്കൽ നിയമമായതിന് ശേഷം പീന്നീട് ഒന്നും പറഞ്ഞിട്ട് കാര്യമില്ല. എം.റ്റി.പി. ആക്ട്, ഡിവോഴ്സ് ആക്ട്, എന്നിവ നമ്മുടെ മുമ്പിലെ ഉദാഹരണങ്ങളാണ്. നിയമനിർമ്മാണാനന്തര പ്രതിരോധ നടപടികൾ ദുർബലമാണെന്ന് അവ തെളിയിച്ചിട്ടുണ്ട്.

### ഏകീകൃത സിവിൽ നിയമത്തിന്റെ ഗുണങ്ങൾ

1. ദത്തെടുക്കലിന് നമുക്ക് നിയമമില്ല. കോമൺ ലോ നിഷേധിക്കാത്തതിനാൽ നമുക്ക് അഡോപ്ഷൻ ആകാം. പേഴ്സണൽ ലോയെ കോടതി അംഗീകരിക്കുന്നുണ്ട്. അഡോപ്ഷൻ നിയമമില്ല എന്നതിന്റെ പേരിൽ നാം മുറവിളികൂട്ടേണ്ടതില്ല.
2. സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള സംരക്ഷണ നിയമം നമുക്കില്ല. 1982–ൽ ക്രിസ്റ്റ്യൻ സ്ത്രീകൾക്കും കുട്ടികൾക്കും പരിരക്ഷയ്ക്ക് (ജീവനാംശം) നിയമമുണ്ടായി. 2002ലും, 2009ലും സമാനമായ നിയമനിർമ്മാണങ്ങളും വിധികളുമുണ്ടായിട്ടുണ്ട്. വ്യക്തി നിയമമില്ലാത്തത് ഒരു പോരായ്മയായി കാണേണ്ടതില്ല.
3. സിവിൽ നിയമം അനുസരിക്കാൻ കാനൻ നിയമം പഠിപ്പിക്കുന്നു. ദൈവത്തിനുള്ളത് ദൈവത്തിന്, സീസറിനുള്ളത് സീസറിനും. സിവിൽ നിയമമില്ലാത്തിടത്ത് കാനനൻ നിയമം പിൻതുടരാം. അത് ഒരു പേഴ്സണൽ ലോ ആയി അംഗീകരിച്ചിട്ടുള്ളതിനാൽ പുതിയൊരു നിയമത്തിനു വേണ്ടി ധൃതി വയ്ക്കേണ്ടതില്ല. സുപ്രീം കോടതിയിൽ നിന്ന് ഈയിടെ ഉണ്ടായ പുനർവിവാഹവുമായി ബന്ധപ്പെട്ട വിധി ഇരന്ന് വാങ്ങിയ ഒന്നാണ്. സുപ്രീം കോടതി പറഞ്ഞത് ഒരു പുതിയ കാര്യമല്ല. സുപ്രീം കോടതിയുടെ ഒരു പ്രഖ്യാപനത്തിനു വേണ്ടി മാത്രം സിബിസിഐയെ കൂടി പ്രതി ചേർത്ത് ഒരു വ്യക്തി നൽകിയ കേസാണിത്.

മൗലികമായ മതസ്വാതന്ത്ര്യം അംഗീകരിക്കപ്പെടേണ്ടതാണ്. മറിച്ച് ഒരു ഏകീകൃത നിയമം അടിച്ചേല്പിച്ചാൽ അത് വർഗ്ഗീയ കലാപങ്ങൾക്ക് ഇടം നൽകും.

# പൊതുസിവിൽ നിയമം നടപ്പാക്കുകതന്നെ വേണം

**അഡ്വ. പി.എസ്. ശ്രീധരൻപിള്ള**

രാജ്യത്തെ ജനങ്ങൾക്ക് പൊതുവായ ഒരു നിയമക്രമം ഉണ്ടാകണമെന്ന് മതേതര ഭാരതം ശഠിക്കുന്നത് ഭരണഘടനയുടെ കൽപ്പന ഉൾക്കൊള്ളുന്നതിനാലാണ്. ഭരണഘടനാ നിർമ്മാണസഭയിൽ ഡോ. അംബേദ്കറും ജവഹർലാൽ നെഹ്റുവും എല്ലാം ചേർന്ന് പാസാക്കിയെടുത്ത 44–ാം അനുഛേദം നടപ്പാക്കുന്നതിനെപ്പറ്റി ആലോചിക്കുന്നതുപോലും ചിലർ കുറ്റകരമായി കാണുകയാണ്. ബ്രിട്ടീഷുകാരുടെ കാലം മുതൽ മതനിയമങ്ങൾ ഏകീകരിച്ച് പൊതുനിയമങ്ങൾ രൂപവൽക്കരിച്ച ചരിത്രമുള്ള നാടാണ് നമ്മുടേത്. ഭാരതത്തിൽ നിലവിലുള്ള ക്രിമിനൽ നിയമങ്ങൾ ശരിയത്തിന് അനുസരി

ച്ചുള്ളതല്ലെന്നു മാത്രമല്ല പലതും അതിന്റെ നേരെ എതിർദിശയിലുള്ളതുമാണ്. മുൻകാലങ്ങളിൽ ഇത്തരം മാറ്റങ്ങളെ ആരും എതിർക്കാറുണ്ടായിരുന്നില്ല. മുസ്ലീം വ്യക്തിനിയമത്തിലെ ഭൂരിപക്ഷം വ്യവസ്ഥകളും ഭാരതത്തിൽ പൊതുനിയമങ്ങൾക്കായി വഴിമാറിയിട്ടുണ്ട്. ഇത്തരം മാറ്റങ്ങളെ ഉൾക്കൊള്ളാൻ മുസ്ലീം സമൂഹം തയ്യാറായിട്ടുണ്ടെങ്കിലും സ്വതന്ത്ര മതേതര ഭാരതത്തിലിപ്പോൾ മാറ്റങ്ങളെയെല്ലാം ഒരുവിഭാഗം മതശക്തികൾ എതിർക്കുകയാണ്. 44-ാം അനുഛേദമനുസരിച്ച് ഹിന്ദുകോഡ് ഹിന്ദുക്കൾക്കായി നിർബന്ധപൂർവ്വം ഏകീകരിച്ച ഭാരതത്തിൽ മുസ്ലീംങ്ങൾക്ക് ഇതൊന്നും പാടില്ലെന്ന് വാദിക്കുന്നവരുടെ മനസിലിരിപ്പ് നീതിപരമോ രാജ്യതാൽപ്പര്യങ്ങൾക്ക് ഗുണകരമോ അല്ല.

ഭാരത ഭരണഘടനയുടെ 44-ാം അനുഛേദത്തിൽ ഇപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നു. ഭാരതത്തിന്റെ രൂപദേശത്തൊട്ടാകെയുള്ള പൗരൻമാർക്കായി ഏകീകൃത രൂപമായ ഒരു സിവിൽ നിയമസംഹിത ലഭ്യമാക്കുവാൻ രാഷ്ട്രം ശ്രമിക്കേണ്ടതാണ്. നിർഭാഗ്യവശാൽ അതിനുള്ള ശ്രമമോ ചുവടുവെയ്പ്പുകൾപോലുമോ ഇവിടെ ഉണ്ടായിട്ടില്ല. ഭരണഘടന നിലവിൽവന്ന് ആറരപതിറ്റാണ്ടുകൾക്കുശേഷവും ഈ മഹത്തായ ലക്ഷ്യത്തിനായുള്ള ഉദ്യമങ്ങൾ മുളച്ചില്ലെന്നു മാത്രമല്ല ഇതാവശ്യമെന്നു പറയുന്നവനെ വച്ചുപൊറുപ്പിക്കില്ലെന്ന നിലയിൽ കാര്യങ്ങൾ വഷളാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ നിലനിൽപ്പും പരമാധികാരവും ചോദ്യംചെയ്യുന്ന നിലയിലേക്കാണ് ചിലർ കാര്യങ്ങളെകൊണ്ടുപോകുന്നത്.

രാജ്യത്തിന്റെ ഉദ്ഗ്രഥനത്തിനും ഏകതയ്ക്കും നീതിയുടെ നിലനിൽപ്പിനുംവേണ്ടി ഒരു പൊതു സിവിൽ കോഡ് ഭാരതത്തിൽ ആവശ്യമാണ്. ഹിന്ദു കോഡ് മറ്റുള്ളവരുടെമേൽ അടിച്ചേൽപ്പിക്കാൻ ആരും ആഗ്രഹിക്കുന്നില്ല. സിവിൽ കോഡ് നടപ്പാക്കാൻ കോടതി വിധികൾക്കാവില്ല. അതിനായി നിയമ നിർമ്മാണമാണുവേണ്ടത്. പാർലമെന്റിലും മറ്റ് സഭകളിലും ഈ ആവശ്യത്തിനായി ഭരണകക്ഷിയെ സഹായിക്കാനുള്ള ബാദ്ധ്യത കോൺഗ്രസ് -സിപിഎം കക്ഷികൾക്കുണ്ട്. തുർക്കി എന്ന മുസ്ലീം ഭൂരിപക്ഷ രാജ്യവും, നേപ്പാൾ എന്ന ഹിന്ദുരാജ്യവും, ഇസ്രയേൽ എന്ന യഹൂദ നാടും മതാധിഷ്ഠിത വ്യക്തി നിയമങ്ങൾക്കുപകരം പൊതുസിവിൽ നിയമത്തെ സ്വീകരിച്ചിട്ടുണ്ട്. ഭാരതവും അതിനുള്ള ശ്രമങ്ങൾക്ക് തുടക്കം കുറിക്കേണ്ടിയിരിക്കുന്നു. ഇസ്ലാമിക രാഷ്ട്രങ്ങളായ ഇറാൻ, സിറിയ, ഇറാക്ക്, തുടങ്ങിയ രാജ്യങ്ങൾ ശരീയത്ത് നിയമങ്ങളിൽ കാലാനുസൃതമായ മാറ്റംവരുത്താൻ തയ്യാറായിട്ടുണ്ട്. പാകിസ്ഥാനിലും ബംഗ്ലാദേശിലും ബഹുഭാര്യത്വം നടപ്പാക്കാൻ ചില വിലക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ....

വൈവിധ്യത്തിലൂന്നിയ ഭാരതീയ ജനസമൂഹത്തിൽ ജനജീവിതം വൈരുദ്ധ്യമാകാതിരിക്കാൻ ജനമനസ്സുകളെ ഏകീകരിക്കുകയാണുവേണ്ടത്. പൊതുസിവിൽ കോഡ് ഏകതയെ ദൃഢമാക്കാൻ സഹായകമാണ്. തുല്യനീതിക്കും സാമൂഹ്യനീതിക്കും വേണ്ടിയുള്ള മനുഷ്യന്റെ മോഹത്തെ അത് സഹായിക്കും. സൗമ്യമായി ശാന്തമായി പൊതുസിവിൽ നിയമം നടപ്പാക്കാൻ കൂട്ടായശ്രമം ഉണ്ടാവുകതന്നെ വേണം. ഇതിനായി സമസ്ത ഭാരതീയരുടെയും ഉൾത്തുടിപ്പുകളും വിശ്വാസപ്രമാണങ്ങളും ആചാരാനുഷ്ഠാനങ്ങളും കണക്കിലെടുക്കേണ്ടിയിരിക്കുന്നു. **... (ജന്മഭൂമി 24/7/2016)**

# സെക്കുലർ സിവിൽ കോഡ്?

**അഡ്വ. എസ്. സനൽകുമാർ**

**വി**വാദ വിഷയങ്ങൾ മാറ്റി നിർത്തി വികസനഅജണ്ടയുമായി മുമ്പോട്ടു കുതിച്ചുകൊണ്ടിരുന്ന മോദി സർക്കാരിന് ഏകീകൃത സിവിൽകോഡ് നടപ്പിലാക്കണമെന്ന ബി.ജെ.പി. യുടെ തന്നെ ആവശ്യം തലവേദനയാവുന്ന നാളുകളാണ് രാജ്യം കാണാൻ പോകുന്നത്. രാഷ്ട്രീയപ്പാർട്ടികളെക്കാളുപരി രാജ്യത്തിലെ നീതിന്യായ കോടതികൾ നടത്തുന്ന നിരീക്ഷണങ്ങളാണ്; ഏകീകൃത സിവിൽ എന്ന വിഷയം സജീവമായി നിലനിർത്തുന്നത്. പലപ്പോഴും ഈ നിരീക്ഷണങ്ങൾ മതിയായ ഗൃഹപാഠങ്ങളുടെയോ, ചർച്ചകളുടെയോ, വാദമുഖങ്ങളുടേയോ അടിസ്ഥാനത്തിലല്ലതാനും. ....

ഇന്നത്തെ സാഹചര്യത്തിൽ ഒരു ഏകീകൃത സിവിൽ കോഡ് രൂപീകരണത്തിലൂടെ ഇന്ത്യയിൽ നിലനിൽക്കുന്ന വ്യക്തിനിയമങ്ങളിൽ ഏകീകരണം സാദ്ധ്യമല്ല. വിവിധ മതങ്ങളും, മതങ്ങളിലെ ജാതികളും, ജാതികളിലെ ഉപജാതികളും, നൂറുകണക്കിന് ഗോത്രവർഗ്ഗക്കാരും, അവരുടേതായ മതപ്രമാണങ്ങളുടേയും ആചാരങ്ങളുടേയും പിൻബലത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള വ്യക്തിനിയമങ്ങളാണ് പിന്തുടരുന്നത്. അതിൽനിന്നും മാറി ഏകീകൃതമായ നിയമവ്യവസ്ഥയിലേക്ക് എത്തിച്ചേരുന്നതിനുള്ള സാമൂഹ്യപശ്ചാത്തലവും സാമൂഹ്യ ഉദ്ഗ്രഥനവും സ്വാതന്ത്ര്യം കിട്ടി 69 വർഷം കഴിഞ്ഞിട്ടും സംജാതമായിട്ടില്ലെന്ന യാഥാർത്ഥ്യം നാം അംഗീകരിച്ചേ മതിയാവൂ. ഏകീകൃത വ്യക്തിനിയമമല്ല മതേതരത്വത്തിന്റെ അളവുകോൽ. എല്ലാ മതത്തിന്റെയും സമാധാനപരമായ സഹവർത്തിത്വമാണ് അതിന്റെ അടിസ്ഥാനശില. എന്നാൽ മതാതീതമായി ചിന്തിക്കുന്ന ജനവിഭാഗങ്ങൾക്കായി പരിഷ്കൃതമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു മതേതരവ്യക്തിനിയമസംഹിത ഭരണകൂടം രൂപീകരിച്ച് അതിന് സെക്കുലർ സിവിൽകോഡ് എന്ന് നാമകരണം ചെയ്താൽ ഏകീകൃത സിവിൽകോഡ് എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യചുവടുവെയ്പാക്കി അതിനെ മാറ്റാം.

എല്ലാവർക്കും ബാധകമാകുന്ന ഏകീകൃത സിവിൽകോഡ് തന്നെ വേണം എന്നു മുറവിളി കൂട്ടുമ്പോൾ അത് മറ്റാരെയോ ലക്ഷ്യം വെച്ചാണെന്ന് ആ കൂട്ടർ ഭയപ്പെട്ടാൽ തെറ്റുപറയാൻ കഴിയില്ല. ഏകീകൃത സിവിൽകോഡിന്റെ മറവിൽ ഏകപക്ഷീയ സിവിൽകോഡ് ഏതുവിധേനയും ഭൂരിപക്ഷ വാഴ്ചയിലൂടെ അടിച്ചേൽപ്പിക്കപ്പെട്ടാൽ അത് ഒരിക്കലും ഉണങ്ങാത്ത മുറിവായി ഭാരതാംബയെ വേദനിപ്പിച്ചുകൊണ്ടിരിക്കും.

ഹിന്ദുത്വം ഒരു മതത്തെക്കാളുപരി ഒരു സംസ്കാരമാണ്, ജീവിതചര്യയാണ്; എല്ലാറ്റിനേയും ഉൾക്കൊള്ളുന്ന, സ്വീകരിക്കുന്ന, എന്നാൽ അതൊന്നുമായി മാറാത്ത വേറിട്ട സംസ്കാരം. മതേതരത്വവും വിശ്വമാനവികതും ഹിന്ദുത്വത്തിന്റെ ഉൽപ്പന്നങ്ങളാണ്. ഹിന്ദുത്വം ഒന്നും അടിച്ചേൽപ്പിക്കുന്നില്ല. മറ്റു മതങ്ങൾ ആത്മീയതയുടെ ബാലവാടികളാണെങ്കിൽ ഹിന്ദുത്വം അതിന്റെ സർവ്വകലാശാലയാണ്. അതിന്റെ ലക്ഷ്യം കേവലം ഏകീകൃത സിവിൽകോഡല്ല മറിച്ച് ഏകാത്മഭാവമാണ്. ഏകീകൃത സിവിൽകോഡിനു വേണ്ടിയുള്ള ബിജെപിയുടെ മുറവിളി ആ പാർട്ടിക്ക് താൽക്കാലികമായ നേട്ടങ്ങൾ സമ്മാനിച്ചാലും ആത്യന്തികമായി അതൊരു നഷ്ടക്കച്ചവടമായി മാറാനേ സാദ്ധ്യതയുള്ളൂ. ... **(കലാകൗമുദി 17/7/2016)**

# ആനുകാലിക രാഷ്ട്രീയ-സാമൂഹിക സാഹചര്യങ്ങൾ, ഒരു ക്രൈസ്തവ വിലയിരുത്തൽ

**(2016 ജൂലൈ 7-ന് ചങ്ങനാശ്ശേരി ആർച്ച് ബിഷപ്സ് ഹൗസിൽ നടന്ന കെസിബിസി ഐക്യജാഗ്രതാകമ്മീഷന്റെ കോട്ടയം മേഖലാ നേതൃസംഗമത്തിൽ ശ്രീ. റെജി ജോസഫ് അവതരിപ്പിച്ച പ്രബന്ധത്തിന്റെ സംക്ഷിപ്തം)**

ആനുകാലിക രാഷ്ട്രീയത്തിന് ദേശീയ, പ്രാദേശിക, അന്തർദ്ദേശീയ മാനങ്ങളുണ്ട്. ദേശീയ, പ്രാദേശിക, അന്തർദ്ദേശീയ രാഷ്ട്രീയ മാനങ്ങളുടെ വെളിച്ചത്തിൽ കത്തോലിക്കാസഭയ്ക്ക് രാഷ്ട്രീയ ബന്ധങ്ങൾ പഠിക്കേണ്ടതുണ്ട്. മുകളിൽ പറഞ്ഞ വ്യത്യസ്ത തലങ്ങളിൽ സഭയുടെയും സഭാംഗങ്ങളുടെയും പങ്ക് നിർണ്ണായകമാണ്. നിലനില്പിനായി ശക്തമായി പോരാടേണ്ട സാഹചര്യങ്ങൾ ഇപ്പോൾ നിലനില്ക്കുന്നു. നിരന്തരമായി അന്യവൽക്കരിക്കപ്പെടുന്ന സമൂഹമാണ് നമ്മുടേത്. ജനസംഖ്യാനിരക്കിൽ കുറവ് രേഖപ്പെടുത്തുന്ന അവസ്ഥയാണുള്ളത്. വിദ്യാഭ്യാസം, കാർഷികം, സാമ്പത്തികം എന്നീ മേഖലകളിൽ ധാരാളം പുരോഗമനപരമായ സംഭാവനകൾ നൽകിയിട്ടുള്ളവരാണ് നാം. ആയതിനാൽ ആദ്ധ്യാത്മിക, ഭൗതിക, കാർഷിക, സാമൂഹ്യരംഗങ്ങളിൽ നമ്മുടെ സമുദായത്തിന്റെ നിലനിലനില്പിന് ഏറെ പ്രസക്തിയുണ്ട്. അന്തർദ്ദേശീയതലത്തിൽ യൂറോപ്യൻ യൂണിയനിൻ നിന്ന് ബ്രിട്ടൻ വിട്ടുനില്ക്കാൻ തീരുമാനിച്ച വിഷയമടക്കം പരിഗണനയിലെടുക്കേണ്ടതാണ്. ലോകത്താകമാനമുള്ള 182 രാജ്യങ്ങളിൽ മലയാളി ക്രൈസ്തവ സാന്നിധ്യമുണ്ട്. ഇത്തരുണത്തിൽ പ്രവാസികളുടെ കുടിയേറ്റം, പ്രവാസികളുടെ തൊഴിൽ സാദ്ധ്യത മുതലായ കാര്യങ്ങൾ ജാഗ്രതയോടെ കാണേണ്ടതുണ്ട്.

മൂന്ന് വർഷങ്ങൾക്കു മുമ്പ് കേരളത്തിലെ കാർഷിക മേഖലയിലുണ്ടായ പ്രതിസന്ധികൾ കർഷകരെ വല്ലാതെ തളർത്തി. ആത്മഹത്യകളും, പട്ടിണി മരണങ്ങളും ധാരാളമുണ്ടായി. എന്നാൽ ഇവ കാര്യമായി ക്രൈസ്തവരെ ബാധിക്കാതിരുന്നത് നമ്മുടെ പ്രവാസികളിൽ നിന്നുള്ള വിദേശവരുമാനമാണ്. മാത്രമല്ല അവ കുടിയേറ്റങ്ങൾ കൂടാനും കാരണമായി.

മതപരമായ സഹിഷ്ണുതയിൽ നമ്മുടെ രാജ്യം മുൻപന്തിയിലാണെന്നു പറയാം. എന്നാൽ ലോകത്തിൽ 32 രാജ്യങ്ങളിലെങ്കിലും ഐ.എസ്. ഭീകരർ വേരൂന്നിയിട്ടുണ്ട് എന്നത് നിർഭാഗ്യകരമാണ്. ക്രൈസ്തവർ ഈ ഭീകരതയ്ക്ക് ഇരകളാണെന്നതിൽ നമ്മുടെ നിലനില്പ് തന്നെ ആഗോളതലത്തിൽ അപകടകരമായിരിക്കുകയാണ്.

സമകാലികമായി നമ്മുടെ രാജ്യത്തു നിലനില്ക്കുന്ന വർഗ്ഗീയതയും, വംശീയ ഭ്രാന്തും നമ്മുടെ മനസ്സിനെ വേദനിപ്പിക്കുന്നു. ദേശീയതലത്തിൽ ബി.ജെ.പി അധികാരത്തിൽ എത്തിയിരിക്കുകയാണ്. പഞ്ചായത്ത്, നിയമസഭ, ലോകസഭ തിരഞ്ഞെടുപ്പുകളിൽ ബിജെപിയുടെ വളർച്ച പ്രകടമായി കണ്ടുകഴിഞ്ഞു. നമ്മുടെ നിലനില്പിന്റെ പ്രതിസന്ധിയായി ഇതിനെ കാണേണ്ടതാണ്. കാരണം അധികാരസ്ഥാനങ്ങളിൽ ക്രൈസ്തവ സാന്നിദ്ധ്യം തീരെ ഇല്ലാതായിരിക്കുന്നു. അതിലുപരി യോഗാപഠനം, അസഹിഷ്ണുത, പാഠ്യപദ്ധതികളിൽ ഹൈന്ദവ ഫാസിസം എന്നിവ അടിച്ചേല്പിച്ചുകൊണ്ടിരിക്കുന്നു. ഈ ഫാസിസ്റ്റ് പ്രവണതയുടെ വളർച്ചയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പുകളിൽ വോട്ടിന്റെ എണ്ണത്തിലുള്ള വളർച്ചയിലൂടെ കണ്ടത്. 80 നിയമസഭാ മണ്ഡലങ്ങളിൽ ബി.ജെ.പി 25000ന് മുകളിൽ വോട്ട് നേടി. ക്രൈസ്തവ ജനപ്രതിനിധികളുടെ എണ്ണത്തിലുള്ള കുറവും പ്രാദേശിക ദേശീയ തലത്തിലുള്ള പ്രാതിനിധ്യക്കുറവും നാം ഗൗരവത്തോടെ കാണണം.



ശ്രീ. റെജി ജോസഫ്
(ദീപിക, കോട്ടയം ബ്യൂറോ)

ഈ നാട്ടിലെ 60% വിദ്യാഭ്യാസ സ്ഥാപനങ്ങളും 51% ആതുരശുശ്രൂഷാ കേന്ദ്രങ്ങളും നമ്മുടേതാണ്. അഗതികളുടെ ശുശ്രൂഷയിലും, വിദ്യാഭ്യാസരംഗത്തും, മറ്റ് സേവന മേഖലകളിലും ന്യൂനപക്ഷമായ നമ്മുടെ സാന്നിധ്യം വളരെയധികം മുൻപിലാണ്. വൈദികരും സന്യസ്തരുമാണ് ഇവയുടെ നെടുംതൂണുകളെന്നതും പ്രത്യേക പരിഗണനയർഹിക്കുന്നു. ആയതിനാൽ നമ്മുടെ സുരക്ഷിതത്വവും നമ്മുടെ വെല്ലുവിളികളും നാം പഠിച്ച് മനസ്സിലാക്കേണ്ടതുണ്ട്. ഇവിടെ ഏതു നിയമമുണ്ടായാലും അത് നമ്മുടെ വിദ്യാഭ്യാസപദ്ധതിയെയും, കൃഷിമേഖലയെയും, ആതുരശുശ്രൂഷയെയും ബാധിക്കും. ആയതിനാൽ ഇക്കാര്യങ്ങളിൽ ദേശീയമായ പ്രതിരോധത്തിന് പ്രസക്തിയുണ്ട്.

കേരളത്തിൽ സി.പി.എം. ഉം കേന്ദ്രത്തിൽ ബി.ജെ.പി.യും ഭരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനവും കേന്ദ്രവും തമ്മിലുള്ള ബന്ധം അത്ര ഊഷ്മളമായിരിക്കുക എളുപ്പമല്ല. ദേശീയ സംസ്ഥാനതലങ്ങളിലുള്ള പ്രശ്നങ്ങൾ നാം പഠിക്കണം.

വിദ്യാഭ്യാസമേഖലയിൽ നമ്മുടെ സ്ഥാപനങ്ങൾ പ്രതിസന്ധികളിലൂടെയാണ് മുന്നേറിയത്. ന്യൂനപക്ഷത്തെ ഹനിക്കുന്ന, ചോദ്യം ചെയ്യുന്ന ഒരു വ്യവസ്ഥിതിയിലൂടെയാണ് നാം കടന്നു പോയത്. കഴിഞ്ഞ 15 വർഷത്തിനുള്ളിൽ നാം സ്ഥാപിച്ച സ്വാശ്രയസ്ഥാപനങ്ങളിലൂടെ എത്രയധികമായി നേട്ടമുണ്ടാക്കി എന്ന് മനസ്സിലാക്കാവുന്നതാണ്. വളരെയധികം സാമ്പത്തിക ഭാരമുള്ള ഈ സ്ഥാപനങ്ങൾ സഭ കടമെടുത്താണ് പണിതുയർത്തിയതെന്ന കാര്യം വിസ്മരിക്കാനാകില്ല. അതുവഴി സാമ്പത്തിക, സാംസ്കാരിക, തൊഴിൽ രംഗങ്ങളിൽ ഏറെ പേർക്ക് നേട്ടമുണ്ടായി. ഉപരിപഠനത്തിനായി അന്യസംസ്ഥാനങ്ങളിൽ ചേക്കേറുകയും അതിനായി വൻതുക ചെലവാക്കുകയും ചെയ്തിരുന്ന ഒരു അവസ്ഥയിൽ ഇത് ഏറെ പ്രയോജനകരമായി. നമ്മുടെ നാട്ടിൽ നമ്മുടെ സംസ്കാരവും, നമ്മുടെ മതവിശ്വാസവും മൂല്യങ്ങളും പകർന്നു നൽകാൻ അവ സഹായകരമായി. ഇതു നഷ്ടപ്പെടാതിരിക്കാൻ ഇനിയും പരിശ്രമിക്കണം.

പട്ടയം, കാർഷിക ഉൽന്നങ്ങൾ, നികുതി, സ്ഥലത്തിന്റെ പ്രശ്നങ്ങൾ, വിലസ്ഥിരതയില്ലായ്മ, വിപണന സൗകര്യങ്ങൾ ഇല്ലായ്മ എന്നിവ ക്രൈസ്തവരെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. ശാസ്ത്ര സാഹിത്യപരിഷത്തിന്റെ പിൻബലത്തോടെ ഇത്തരം കാര്യങ്ങളിലെ യാഥാർത്ഥ്യങ്ങൾ മറച്ച് വയ്ക്കപ്പെടുന്നു. റബ്ബറിന്റെ വില നിശ്ചയിക്കുന്നത് ഏഴ് വ്യവസായികളാണ്. കുടിയേറ്റക്കാരുടെ പ്രശ്നങ്ങൾ നിരവധിയാണ്.

സർക്കാർ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരമാവധി വിദ്യാർത്ഥികളിലേക്കെത്തിക്കുന്നതിൽ നാം ജാഗരൂകരല്ല. വിദ്യാഭ്യാസ ചെലവിന്റെ പകുതിവരെ സർക്കാർ വഹിക്കുന്ന ആനുകൂല്യങ്ങൾ നമുക്കുണ്ട്. വിവിധ ആനുകൂല്യങ്ങളെക്കുറിച്ച് മനസ്സിലാക്കാനും അവ ഉപയോഗപ്പെടുത്താനും നാം ശ്രദ്ധിക്കണം. മൊത്തം ഭൂമിയുടെ 21, 22 ശതമാനം മാത്രമാണ് കൃഷിക്ക്

ഉപയോഗപ്പെടുത്തുന്നത്. അടുത്തതലമുറയ്ക്ക് ഒരു വ്യക്തിക്ക് അര ഏക്കർ പോലും കൃഷിക്ക് ലഭിക്കില്ലെന്ന അവസ്ഥയുണ്ട്. ഇക്കാര്യങ്ങളിൽ ദീർഘവീക്ഷണത്തോടെയുള്ള ഒരു കാഴ്ചപ്പാട് നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

ഇന്ന് സഭ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി മാധ്യമങ്ങളുടേതാണ്. ഇത് മുമ്പിൽ കണ്ട് 15 വർഷം മുമ്പ് തന്നെ മാർ ജോസഫ് പൗവ്വത്തിൽ പിതാവ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സമൂഹത്തിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുന്ന, നമ്മെ ആസൂത്രിതമായി അവഹേളിക്കുന്ന ഒരു മാധ്യമസംസ്കാരത്തെക്കുറിച്ച് പിതാവ് മുന്നറിയിപ്പ് നൽകിയത് ഇപ്പോൾ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുന്നു. ഇലക്ട്രോണിക്സ്, അച്ചടി, റ്റി.വി. ഇവ ഉപയോഗിച്ച് സമൂഹമാധ്യമങ്ങൾ സഭയെ അവഹേളിക്കുന്നു; ചോദ്യചെയ്യുന്നു, സഭയുടെ ആഹ്വാനങ്ങളെ വളച്ചൊടിക്കുകയും അതുമൂലം സമൂഹം നമ്മെ തെറ്റിദ്ധരിക്കുകയും ചെയ്യുന്നു. ആയതിനാൽ നമ്മുടെ ജാഗ്രത ആവശ്യമായിരിക്കുന്ന ഒരു പ്രധാന മേഖലയാണ് മാധ്യമങ്ങൾ.

## സി.ബി.സി.ഐ, കെസിബിസി പ്രസ്താവനകൾ

# അധ്യാപകരുടെ നിയമന അംഗീകാരം ത്വരിതപ്പെടുത്തണം

**കൊച്ചി:** സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ തലത്തിൽ നടപ്പിലാക്കുന്നതിനായി ഹൈക്കോടതി ഡിവിഷൻബെഞ്ചിൽ അപ്പീൽ നൽകിയ സർക്കാർ നടപടി ഖേദകരമാണെന്ന് കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് അഭിപ്രായപ്പെട്ടു. കഴിഞ്ഞ ആറു പതിറ്റാണ്ടായി കേരളത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം ക്ലാസ് തലത്തിലാണ് നിലവിലുള്ളത്. അത് ഭേദഗതി ചെയ്യുന്നത് കേരളത്തിലെ പൊതു വിദ്യാഭ്യാസമേഖലയുടെ ഗുണമേന്മയെ പ്രതികൂലമായി ബാധിക്കും. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ നിരവധി ഉദ്ദേശ്യലക്ഷ്യങ്ങൾ നേരത്തെ നേടിയെടുത്ത മാതൃകാ സംസ്ഥാനമാണ് കേരളം. അതുകൊണ്ടു തന്നെ കേന്ദ്ര വിദ്യാഭ്യാസനിയമത്തിലെ ഗുണപരമായി മെച്ചപ്പെട്ടതും നമ്മുടെ സംസ്ഥാനത്തിന് അനുയോജ്യവുമായ നിർദ്ദേശങ്ങളാണ് നാം സ്വീകരിക്കേണ്ടത്. 2016 ജനുവരി മാസം 29-ാം തിയതിയിലെ ഉത്തരവനുസരിച്ച് അധ്യാപകരുടെ തസ്തികനിർണ്ണയവും നിയമനഅംഗീകാരവും ജൂൺ 01-ന് മുൻപ് പൂർത്തിയാക്കും എന്നായിരുന്നു സംസ്ഥാനവിദ്യാഭ്യാസവകുപ്പിന്റെ വാഗ്ദാനം. എന്നാൽ സ്കൂൾ തുറന്ന് ഒരു മാസം കഴിഞ്ഞിട്ടും നിരവധി വർഷങ്ങളായി ശമ്പളം ലഭിക്കാത്ത നൂറു കണക്കിന് അധ്യാപകരുടെ ദുരിതങ്ങൾക്ക് പരിഹാരം കാണാനായിട്ടില്ല. ഈ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാനും, സർക്കാർ ഉത്തരവുകൾക്ക് തെറ്റായ വ്യാഖ്യാനം നൽകുന്ന വിദ്യാഭ്യാസവകുപ്പിലെ ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കാനും വിദ്യാഭ്യാസമന്ത്രി മുൻകൈ എടുക്കണം.

വർഷങ്ങളായി ശമ്പളമില്ലാത്ത അധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുക, അധ്യാപക വിദ്യാർത്ഥി അനുപാതം ക്ലാസ് തലത്തിൽ നിലനിർത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടും സംസ്ഥാനത്തെ എല്ലാ രൂപതാസമിതികളുടെയും നേതൃത്വത്തിൽ ജൂലൈ 15-ാം തിയതി വിദ്യാഭ്യാസമന്ത്രിക്ക് കത്തുകളയക്കാനും ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാനസമിതി തീരുമാനിച്ചു. പ്രസിഡന്റ് ജോഷി വടക്കൻ അധ്യക്ഷത വഹിച്ചു. കെ.സി.ബി.സി. വിദ്യാഭ്യാസകമ്മീഷൻ സെക്രട്ടറി റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ജനറൽ സെക്രട്ടറി സാലു പതാലിൽ, സേവ്യർ എം.എൽ, ജെ. മരിയദാസ്, പോൾ ജെയിംസ്, സി.ടി. വർഗ്ഗീസ്, ജെസ്സി ജെയിംസ്, ജെയിംസ് കോശി, സിസ്റ്റർ ആൽഫി എന്നിവർ പ്രസംഗിച്ചു. **(കെസിബിസി, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ദീപിക, 7/7/2016)**

# പൊതുസിവിൽ കോഡ്; ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യം പരിരക്ഷിക്കപ്പെടണം

**തിരുവനന്തപുരം:** ഇന്ത്യയുടെ മഹത്തായ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള മതസ്വാതന്ത്ര്യം സംരക്ഷിച്ചുവേണം പൊതു സിവിൽ കോഡ് സംബന്ധിച്ച ചർച്ചകൾ എന്നു ഭരത കത്തോലിക്കാ മെത്രാൻ സമിതി (സിബിസിഐ). ഭാരതത്തിന്റെ അഖണ്ഡത അന്യൂനം പരിരക്ഷിക്കപ്പെടണം. ഭരണഘടന അംഗീകരിച്ചിട്ടുള്ള വൈവിധ്യവും സ്വാതന്ത്ര്യവും ഹനിക്കപ്പെടാതെ പൊതു സിവിൽ കോഡിനെക്കുറിച്ചുള്ള ചർച്ചയിൽ എല്ലാ മതവിഭാഗങ്ങളെയും കണക്കിലെടുക്കുകയും പരിഗണിക്കപ്പെടുകയും വേണം. അതിനുപകരിക്കുന്ന ചർച്ചകളിൽ പങ്കുചേരുന്നതിനു ഭാരത കത്തോലിക്കാ സഭയ്ക്കു തുറന്ന മനസാണുള്ളത്. പൊതു സിവിൽ കോഡ് സംബന്ധിച്ചു കേന്ദ്രസർക്കാരിന്റെ നിർദേശങ്ങളുടെ കരടുരൂപം ലഭിച്ചതിനു ശേഷമേ കൂടുതലായി പ്രതികരിക്കാൻ സാധിക്കൂ എന്നു സിബിസിഐ പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാ പറഞ്ഞു. ഇതു സംബന്ധിച്ചു ഭാരതത്തിലെ വിവിധ ക്രൈസ്തവസഭാ മേലധ്യക്ഷന്മാരുമായി വേണ്ട ചർച്ചകൾ നടത്താൻ സിബിസിഐ മുൻകൈയെടുക്കുമെന്നും ബാവാ പറഞ്ഞു. പൊതു സിവിൽ കോഡ് രൂപീകരണം സംബന്ധിച്ചു ബന്ധപ്പെട്ട എല്ലാ മതവിഭാഗങ്ങളുമായി സമയബന്ധിതമായി ചർച്ച നടത്തണമെന്നു കേന്ദ്രസർക്കാരിനോട് ബാവ ആവശ്യപ്പെട്ടു. **(സിബിസിഐ, ദീപിക 10/7/2016)**

# ദളിത് പീഡനം ആശങ്കാജനകം

**തിരുവനന്തപുരം:** ദളിത് പിന്നാക്ക വിഭാഗങ്ങളുടെമേൽ വർധിച്ചുവരുന്ന പീഡനങ്ങളിൽ ഭാരത കത്തോലിക്ക മെത്രാൻ സമിതി ആശങ്ക പ്രകടിപ്പിച്ചു. ഗുജറാത്തിലെ ഒരു ദളിത് കുടുംബത്തലെ ഏഴ് അംഗങ്ങൾ സാമൂഹ്യവിരുദ്ധരുടെ അക്രമത്തിന് ഇരയായ സംഭവം ഇതിലേറ്റവും അവസാനത്തേതാണ്. ഒഢീസയിലെ കാൻഡമാലിൽ ഒരു പെൺകുഞ്ഞുൾപ്പെടെ അഞ്ചുപേർ നിയമപാലകരുടെ വെടിയേറ്റുമരിച്ച സംഭവം ദു:ഖകരമാണ്. മാംസഭക്ഷണം, പശുസംരക്ഷണം തുടങ്ങിയ വാദങ്ങളുടെമേൽ ദളിതരെയും പിന്നാക്ക വിഭാഗങ്ങളെയും ആക്രമിക്കുന്നതും കൊലപ്പെടുത്തുന്നതും നിത്യസംഭവമായി മാറി. ദളിത് പിന്നാക്ക വിഭാഗങ്ങളോട് കത്തോലിക്കാ സഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുകയാണെന്ന് സിബിസിഐ പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് പറഞ്ഞു. **(സിബിസിഐ, മാതൃഭൂമി 24/7/2016)**

# ഗർഭച്ഛിദ്ര അനുവാദം - സുപ്രീം കോടതി വിധി നിർഭാഗ്യകരം

**കൊച്ചി:** മുംബൈയിലെ ഒരു യുവതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അമ്മയുടെ ജീവന്റെ സുരക്ഷിതത്വത്തിന്റെ പേരിൽ 24 ആഴ്ച വളർച്ചയെത്തിയ ഗർഭസ്ഥശിശുവിനെ അബോർഷൻ ചെയ്യാൻ അനുവാദം നൽകിയ സുപ്രീം കോടതി വിധി നിർഭാഗ്യകരമെന്ന് കെ.സി.ബി.സി പ്രൊലൈഫ്സമിതി വിലയിരുത്തി. ആറു മാസം പ്രായമെത്തിയ കുഞ്ഞിന് ജനിക്കാനും സാധാരണകുഞ്ഞുങ്ങളെപ്പോലെ വളരാനുമുള്ള എല്ലാ അനുകൂലസാഹചര്യങ്ങളും നിലനിൽക്കെ ഇത്തരത്തിലുള്ള ഒരു പ്രത്യേക അനുവാദം സമൂഹത്തിൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തുമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ഗർഭസ്ഥയായ യുവതിയുടെ നിസ്സഹായാവസ്ഥ നിലനിൽക്കുമ്പോഴും ഉദരത്തിൽ വളർച്ചയെത്തിയ കുഞ്ഞിന് ജനിക്കാനുള്ള അവകാശത്തെ നിഷേധിക്കരുത്. കുഞ്ഞിനെ സംരക്ഷിക്കാൻ കേരളത്തിലെ നിരവധി കത്തോലിക്കാ ശിശുസംരക്ഷണസ്ഥാപനങ്ങൾ മുന്നോട്ടു വന്നുവെങ്കിലും അതിന് വേണ്ടത്ര പരിഗണന ലഭിക്കാതെയുള്ള ഈ വിധി ഏറെ ഖേദകരമണ്. കേന്ദ്ര സർക്കാരിന്റെ ഗർഭച്ഛിദ്ര നിയമ ഭേദഗതി പരിഗണനയിലിരിക്കുന്ന സാഹചര്യത്തിൽ സുപ്രീം കോടതിയുടെ ഈ പ്രത്യേകവിധി നിയമനിർമ്മാണത്തിന് അനുകൂല സാഹചര്യമായി പരിഗണിക്കരുതെന്നും പാലാരിവട്ടത്തു വച്ച നടന്ന സമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടു. കെ.സി.ബി.സി. പ്രൊലൈഫ് സമിതി സംസ്ഥാന ഡയറക്ടർ ഫാ. പോൾ മാടശ്ശേരി അധ്യക്ഷത വഹിച്ചു. പ്രസിഡന്റ് ജോർജ്ജ് എഫ്. സേവ്യർ, ജനറൽ സെക്രട്ടറി സാബു ജോസ്, യുഗേഷ് തോമസ്സ്, ജെയിംസ് ആഴ്ചങ്ങാടൻ അഡ്വ. ജോസി സേവ്യർ, സിസ്റ്റർ മേരി ജോർജ്ജ്, മാർട്ടിൻ ന്യൂനസ്, സാലു അബ്രാഹം എന്നിവർ പ്രസംഗിച്ചു. **(കെസിബിസി പ്രൊ-ലൈഫ് സമിതി, ദീപിക, 27/7/2016)**

# ഭരണഘടന നൽകുന്ന പൗരാവകാശങ്ങൾ ഭരണകൂടത്തിന്റെ ഔദാര്യമല്ല

**കൊച്ചി:** ഇന്ത്യൻഭരണഘടന പൗരന്മാർക്കും, പ്രത്യേക പരിഗണന അർഹിക്കുന്ന സമൂഹങ്ങൾക്കും നൽകിയിരിക്കുന്ന അടിസ്ഥാന അവകാശങ്ങൾ മാറി മാറി വരുന്ന ഭരണകൂടങ്ങളുടെ ഔദാര്യമായി ചിത്രീകരിക്കുന്നത് ഭാരതത്തിന്റെ ഐക്യത്തിനും സുസ്ഥിതിക്കും ഗുണകരമായി ഭവിക്കുകയില്ലെന്ന് ജസ്റ്റീസ് എബ്രാഹം കെ. മാത്യു അഭിപ്രായപ്പെട്ടു. കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് പാലാരിവട്ടം പി.ഒ.സി.യിൽ സംഘടിപ്പിച്ച ദേശീയ വിദ്യാഭ്യാസനയം - 2016 പഠനശിബിരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് ഒരു പുതിയ വിദ്യാഭ്യാസനയം രൂപീകൃതമാകുമ്പോൾ അതിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്താനും നയരൂപീകരണത്തിന്റെ ഭാഗമാകാനും പൗരന്മാർക്ക് അവകാശമുണ്ട്. അതിന് സഹായകരമാകുംവിധം കരട് നയരേഖ പഠിക്കുകയും ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യണം. ഉദ്ഘാടന യോഗത്തിൽ പി.ഒ.സി. ഡയറക്ടർ ഫാ. വർഗ്ഗീസ് വള്ളിക്കാട്ട് അധ്യക്ഷത വഹിച്ചു. ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ജോഷി വടക്കൻ, സാലു പതാലിൽ, എം. എൽ സേവ്യർ, ജെസ്സി ജെയിംസ്, വി.കെ. പ്രസാദ് എന്നിവർ സംസാരിച്ചു. **(കെസിബിസി, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ദീപിക, 29/7/2016)**

# ദേശീയവിദ്യാഭ്യാസനയം: മതേതരസംസ്കാരത്തെ സംരക്ഷിക്കുന്നതാകണം

**കൊച്ചി:** കേന്ദ്ര സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ ദേശീയ വിദ്യാഭ്യാസനയം രാജ്യത്തെ മതേതര വിദ്യാഭ്യാസത്തെയും മതേതര സംസ്കാരത്തെയും ശക്തിപ്പെടുത്തുന്നതാകണമെന്ന് ദേശീയ വിദ്യാഭ്യാസനയത്തെക്കുറിച്ച് ടീച്ചേഴ്സ് ഗിൽഡ് സംഘടിപ്പിച്ച ദ്വദിന പഠനസെമിനാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടു. രാജ്യത്തെ ന്യൂനപക്ഷമത, ഭാഷാ, വിഭാഗങ്ങൾക്ക് ഭരണഘടന അനുവദിച്ചിട്ടുള്ള പ്രത്യേക വിദ്യാഭ്യാസ അവകാശങ്ങൾക്ക് വിരുദ്ധമായ ചില ശുപാർശകൾ, ടി. എസ്. സുബ്രമണ്യം കമ്മീഷന്റെ കരട് റിപ്പോർട്ട് ഉൾക്കൊള്ളുന്നുണ്ടെന്ന് സെമിനാർ വിലയിരുത്തി. പൗരാണികതയും ദേശീയതയും ചിലരുടെ മാത്രം സ്വന്തമാണെന്ന് വരുത്താനുള്ള ശ്രമങ്ങളും ചില മതവിഭാഗങ്ങളുടെ പ്രതീകങ്ങളെ മഹത്വവൽക്കരിക്കാനും സമാന്യവൽക്കരിക്കാനും അത് എല്ലാ വിഭാഗങ്ങളിലും അടിച്ചേല്പിക്കാനുമുള്ള ശ്രമങ്ങൾ ആശങ്കാജനകമാണ്. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ എണ്ണത്തെക്കുറിച്ച് ആശങ്കപ്പെടുന്ന കരട് റിപ്പോർട്ട്, വിദ്യാഭ്യാസമേഖലയിലുള്ള ന്യൂനപക്ഷ സമുദായങ്ങളുടെ സംഭാവനകളെ തമസ്കരിക്കുകയും ചെയ്യുന്നു. ഇത്തരം ആശങ്കകൾ പരിഹരിക്കാൻ മതമേലദ്ധ്യക്ഷന്മാരും സാംസ്കാരികനേതാക്കന്മാരുമായി ചർച്ച നടത്താൻ പ്രധാനമന്ത്രി മുൻകയ്യെടുക്കണമെന്ന് സെമിനാർ കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടു. **(കെസിബിസി, കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്, ദീപിക, 30/7/2016)**

## വാർത്തകൾ

# തീവ്രവാദം; മുന്നറിയിപ്പ് അവഗണിച്ചതിന് കേരളം നൽകുന്ന വില

### കുമ്മനം രാജശേഖരൻ

**തിരുവനന്തപുരം:** കേരളത്തിൽ നിന്ന് അഞ്ചു ദമ്പതികളടക്കം 16 പേർ ഇസ്ലാമിക് സ്റ്റേറ്റിൽ ചേർന്നുവെന്ന വാർത്ത അതീവ ഗൗരവത്തോടെ എടുക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശേഖരൻ. തീവ്രവാദ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് നൽകിയ മുന്നറിയിപ്പ് അവഗണിച്ചതിന് കേരളം നൽകുന്ന വിലയാണിത്. സംസ്ഥാനത്ത് മതതീവ്രവാദസംഘടനകൾ സ്വാധീനം ഉറപ്പിക്കുന്നുവെന്നും ലൗ ജിഹാദ് അതിന്റെ ഭാഗമാണെന്നും ബിജെപി വർഷങ്ങൾക്ക് മുൻപ് ആരോപിച്ചിരുന്നു. വ്യക്തമായ തെളിവുകൾ നൽകിയിട്ടും നടപടി ഉണ്ടായില്ല. മതേതരത്വം പറഞ്ഞ് ബിജെ

പിയെ ഒറ്റപ്പെടുത്താനാണ് അന്ന് മറ്റ് രാഷ്ട്രീയ പാർട്ടികൾ ശ്രമിച്ചത്. ലോകമെമ്പാടും ഇസ്ലാമിക ഭീകരത ശക്തിപ്പെടാൻ തുടങ്ങിയിട്ട് കാലങ്ങളേറെയായെങ്കിലും കേരളത്തിൽ ഐഎസ്എസ് എന്ന സംഘടനയാണ് അതിന് തുടക്കമിട്ടത്. അതിന്റെ സ്ഥാപകൻ അബ്ദുൾ നാസർ മദനി യുവാക്കളെ തീവ്രവാദത്തിലേക്ക് നയിച്ചു എന്നതിന് ഒട്ടനവധി തെളിവുകളുണ്ട്. രാഷ്ട്രീയ ലാഭത്തിനായി ഇടതു വലതു മുന്നണികൾ മദനിയെ സഹായിക്കുകയും സംരക്ഷിക്കുകയുമാണ് ചെയ്തു പോന്നത്. ഭരണക്കാരുടേയും പ്രതിപക്ഷത്തിന്റെയും സംരക്ഷണയിൽ പടർന്നു പന്തലിച്ച തീവ്രവാദം നാട്ടിലാകെ ഭീതിയും സംഘർഷവും സ്ഫോടനവും സൃഷ്ടിക്കുന്ന സ്ഥിതിയിലെത്തി. ഐഎസ്എസിന്റെ പേരുമാറ്റി പിഡിപി എന്ന രാഷ്ട്രീയ പാർട്ടി വന്നപ്പോൾ അതുമായി കൂട്ടുകൂടാനുള്ള വെപ്രാളവും കേരളം കണ്ടു. രാഷ്ട്രീയപാർട്ടിയുടെ തണലിലും വളർന്നത് അന്താരാഷ്ട്ര ബന്ധമുള്ള ഭീകരതയാണ്. അതിന്റെ ഏറ്റവും ഒടുവിലത്തെ തെളിവുകളാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ. ഇതിനെ ഗൗരവമേറിയ സംഭവമെന്ന മുഖ്യമന്ത്രി വിശേഷിപ്പിച്ചാൽ പോരാ. ശക്തവും ഫലപ്രദവുമായ നടപടി വേണം. മകൾ കാണാതായ പെൺകുട്ടിയുടെ അമ്മയുടെ ആരോപണം നിസ്സാരമായി കാണരുത്.

അടുത്തകാലത്ത് കേരളത്തിൽനിന്ന് കാണാതായവരെക്കുറിച്ച് കേന്ദ്ര ഏജൻസിയെകൊണ്ട് അന്വേഷിപ്പിക്കണം. കേരളത്തിൽ ഐഎസ് സ്വാധീനം ഉറപ്പിക്കുന്നു എന്നതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കണം–കുമ്മനം പ്രസ്താവനയിൽ ആവശ്യപ്പെട്ടു. **(ജന്മഭൂമി 10/7/2016)**

## ദളിത് ക്രൈസ്തവർക്ക് തുല്യപരിഗണന ഉറപ്പാക്കണം: കെആർഎൽസിസി

**കൊച്ചി:** സ്വാശ്രയ സ്ഥാപനങ്ങളിലെ പട്ടികജാതി വിദ്യാർഥികൾക്കുള്ള ആനുകൂല്യങ്ങൾ ദളിത് ക്രൈസ്തവ വിദ്യാർഥികൾക്കും അനുവദിക്കണമെന്നു കേരള റീജൻ ലാറ്റിൽ കാത്തലിക് കൗൺസിൽ (കെആർഎൽസിസി) ജനറൽ അസംബ്ലി. സർക്കാർ ക്ഷേമപദ്ധതികളിൽ ദളിത് ക്രൈസ്തവർക്കു തുല്യപരിഗണന നൽകാൻ ഉടൻ നടപടി വേണം.

വിദ്യാഭ്യാസ പ്രവേശനത്തിൽ പട്ടിക ജാതിക്കാർക്കു നീക്കിവച്ച സീറ്റുകൾ അവരുടെ അസാന്നിധ്യത്തിൽ ദളിത് ക്രൈസ്തവർക്കു നൽകണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ദളിത് ജനതയുടെ മുഖ്യധാരാ പ്രവേശനത്തിനുവേണ്ടി ദീർഘകാല കർമപരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കും. നടപടികൾ ലക്ഷ്യത്തിലെത്തുന്നു എന്നുറപ്പാക്കാൻ സ്ഥിരം നിരീക്ഷണ സംവിധാനമുണ്ടാക്കും. അല്മായ സാന്നിധ്യമുള്ള സഭാ സംവിധാനങ്ങളിൽ ദളിത് പ്രാതിനിധ്യം ഉറപ്പാക്കും. സഭാ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസ തൊഴിൽ സംവരണവും ഉറപ്പാക്കും. മതത്തിന്റെ പേരിൽ വിവേചനവും നീതിനിഷേധവും പാടില്ലെന്നു ഭരണഘടന അനുശാസിക്കുന്നെങ്കിലും ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ന്യായമായ അവകാശങ്ങൾ ദളിത് ക്രൈസ്തവർക്കു നിഷേധിക്കുന്നതു പൗരാവകാശ ലംഘനമാണെന്നു സമ്മേളനം കുറ്റപ്പെടുത്തി. ഭീകരത തടയാൻ മതനേതാക്കൾ മുൻകയ്യെടുക്കണമെന്നു കെ.ആർഎൽസിസി അധ്യക്ഷൻ ആർച്ച് ബിഷപ് ഡോ. എം. സൂസൈപാക്യം പറഞ്ഞു. തങ്ങളുടെ വിശ്വാസികൾ ഭീകരവാദത്തിലേക്കു പോകില്ലെന്ന് ഉറപ്പാക്കാൻ മതനേതാക്കൾക്കു കടമയുണ്ട്. ഭീകരതയുടെ പേരിൽ ഒരു വിഭാഗത്തെയോ മതത്തെയോ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല. ഏക വ്യക്തി നിയമത്തെ കണ്ണുമടച്ച് എതിർക്കുന്നില്ല എല്ലാ വിഭാഗങ്ങളുടെയും വിശ്വാസങ്ങളും അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടു മാത്രമേ നടപ്പാക്കാവൂ. അതിനു മുൻപു വിശാലമായ ചർച്ച വേണം. ഇപ്പോൾ നടക്കുന്നതു ചില താൽപര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രഖ്യാപനങ്ങൾ മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. **(മലയാള മനോരമ 11/7/2016)**

## മതംമാറ്റം വ്യക്തിപരമായ തീരുമാനം: ആർച്ച് ബിഷപ്പ് സൂസൈപാക്യം

**കൊച്ചി:** ക്രിസ്ത്യൻ മതവിശ്വാസികൾ ഐഎസ്സിൽ ചേർന്നതിന് ഒരു മതത്തെയോ സമൂഹത്തെയോ കുറ്റപ്പെടുത്തേണ്ട കാര്യമില്ലെന്ന് ആർച്ച് ബിഷപ്പ് ഡോ. എം. സൂസൈപാക്യം. വിശ്വാസങ്ങൾ തിരഞ്ഞെടുക്കപ്പെടുന്നത് വ്യക്തിപരമായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഭീകരതയെ ചെറുത്തു തോല്പിക്കാൻ നല്ല രീതിയിൽ മതപഠനങ്ങൾ നടത്തുകയാണ് വേണ്ടത്. കേരള റീജനൽ ലാറ്റിൻ കാത്തലിക് കൗൺസിൽ( കെആർഎൽസിസി)ന്റെ പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മതത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യക്തി നിയമങ്ങൾക്കു പകരം ഏകീകൃത വ്യക്തിനിയമമെന്ന സർക്കാർ നിർദ്ദേശത്തെ മതേതരത്വത്തിന്റെ ദൂഷ്യവശങ്ങൾ കൂടിയറിഞ്ഞുവേണം പ്രാവർത്തികമാക്കാനെന്ന് സൂസൈപാക്യം പറഞ്ഞു. ഒറ്റയ്ക്ക് എടുക്കേണ്ട ഒരു തീരുമാനമല്ല. മറിച്ച് ചർച്ചയിലൂടെ എല്ലാവർക്കും സ്വീകാര്യമാവുന്ന വിധത്തിലാവണം സർക്കാരിന്റെ ഏകീകൃത സിവിൽ തീരുമാനം. ദളിത് സംസ്കാരത്തിന്റെ മൂല്യങ്ങൾ മാനിച്ചുള്ള സംഘടിതമായ മുന്നേറേമാണ് ക്രൈസ്തവസഭ മുന്നോട്ട് വെയ്ക്കുന്നത്. ദളിത് സമൂഹത്തിന് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ ശക്തമായി പോരാടുമെന്നും അദ്ദേഹം പറഞ്ഞു. **(മാതൃഭൂമി 11/7/2016)**

## മതംമാറ്റം നിയമം മൂലം നിയന്ത്രിക്കണം: ഹിന്ദു ഐക്യവേദി

കൊച്ചി: കേരളത്തിൽ മതംമാറ്റം നിയമം മൂലം നിയന്ത്രിക്കണമെന്ന് ഹിന്ദു ഐക്യവേദി. മതം മാറിയവരെ ഭീകര പ്രവർത്തനത്തിനു വേണ്ടി ഉപയോഗിക്കുന്ന പശ്ചാത്തലത്തിൽ മതംമാറ്റ നിയന്ത്രണം സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ആർ. വി. ബാബു പറഞ്ഞു. ലൗജിഹാദിലൂടെ മതം മാറിയവരെ കുറിച്ച് ആഭ്യന്തര വകുപ്പ് തുടരന്വേഷണം നടത്തണം. ഭീകരവാദ കേസുകളോടുള്ള സർക്കാറിന്റെ മൃദു സമീപനം അവസാനിപ്പിക്കണം. ലൗജിഹാദിനും ഭീകരവാദത്തിനുമെതിരായി ഹിന്ദു ഐക്യവേദി സംസ്ഥാന വ്യാപകമായി ജന ജാഗരണ സദസ്സുകൾ സംഘടിപ്പിക്കുമെന്ന് ഹിന്ദുഐക്യവേദി സംസ്ഥാന ജനറൽസെക്രട്ടറി ആർ.വി. ബാബു പറഞ്ഞു. **(മാതൃഭൂമി 11/7/2016)**

# ഇനി അതീവ ജാഗ്രതയുടെ കാലം

കേരളത്തിൽ നിന്നും കാണാതായ യുവതീ-യുവാക്കൾ ഐഎസിന്റെ വലയിൽപ്പെട്ടതായി അഭ്യൂഹം പരന്നിരിക്കുന്നു. കാണാതായവരുടെ ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരും കേന്ദ്ര രഹസ്യാന്വേഷണ വിഭാഗവും അന്വേഷണം ആരംഭിച്ചു കഴിഞ്ഞു. വാർത്ത കേരള സമൂഹത്തിൽ വലിയ ഉത്കണ്ഠയാണ് സൃഷ്ടിച്ചിരിക്കുന്നത്. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരാണ് ഇത്തരത്തിൽ തിരോധാനം ചെയ്തിരിക്കുന്നത്. ഇതിൽ മുസ്ലീം മതവിഭാഗത്തിൽപ്പെട്ടവരും മതംമാറി മുസ്ലീമായവരും ഉൾപ്പെട്ടിട്ടുണ്ട് എന്നതുകൊണ്ടുതന്നെ ഈ സംഭവം അതീവവൈകാരികതയുടെ തലത്തിലേക്ക് ഉയരാൻ സാധ്യതയുണ്ട്. അന്താരാഷ്ട്രതലത്തിലേക്ക് ഉയരാനും സാധ്യതയുണ്ട്. അന്താരാഷ്ട്രതലത്തിൽ കൊടുംഭീകരപ്രവർത്തനം നടത്തുന്നതിൽ കുപ്രസിദ്ധി നേടിയ ഐഎസ് പല ലോകരാഷ്ട്രങ്ങളിലും തീവ്രവാദ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നുണ്ട്. ഇന്ത്യയിലും ഇത്തരത്തിൽ ചില ആക്രമണങ്ങൾ നടക്കുകയുണ്ടായി. ഇപ്പോൾ കേരളത്തിൽ നിന്നും ഇത്തരം ഭീകരസംഘടനകളിലേയ്ക്ക് ചെറുപ്പക്കാരെ റിക്രൂട്ട് ചെയ്യുന്നതായി വന്ന വാർത്തകൾ ഞെട്ടിപ്പിക്കുന്നതാണ്. സിറിയയിലെ ഐഎസ് സംഘത്തിൽ ആറ് ഇന്ത്യക്കാരുണ്ടെന്ന് അവർ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. **(ജനയുഗം 11/7/2016)**

# ഭീകരവാദക്കേസന്വേഷിക്കാൻ കേരള പോലീസിന് പരിമിതികളേറെ:
## മുൻ ഡിജിപി ജേക്കബ് പുന്നൂസ്

**തിരുവനന്തപുരം:** ഭീകരവാദവുമായി ബന്ധപ്പെട്ട കേരളത്തിലെ കേസുകളെല്ലാം വിദേശരാജ്യങ്ങളുമായി ബന്ധപ്പെട്ടിട്ടുളളവയാണെന്നും അതുകൊണ്ടുതന്നെ കേരള പോലീസിന് അന്വേഷിക്കാൻ പരിമിതികൾ ഏറെയുണ്ടെന്നും മുൻ ഡിജിപി ജേക്കബ് പുന്നൂസ്. വിദേശരാജ്യങ്ങളിലേക്ക് ഒരു ഫോൺ വിളിക്കാൻ പോലും ഡിജിപിക്ക് അനുവാദമില്ല. കേന്ദ്ര ഏജൻസികൾക്കു മാത്രമേ ഇത്തരം കാര്യങ്ങളിൽ ഇടപെടാനാവൂ, മുൻ ഡിജിപി ജന്മഭൂമിയോടു പറഞ്ഞു. ഇത്തരം കേസുകളിൽ ഒന്നുകിൽ പ്രതികൾ വിദേശത്ത് പോയവരായിരിക്കും. ഇല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ വിദേശബന്ധങ്ങളുള്ളവരായിരിക്കും. കാശ്മീർ റിക്രൂട്ട്മെന്റ് കേസിൽപെട്ടവർക്കും വിദേശബന്ധമുണ്ടായിരുന്നു. അവർ എന്തുകൊണ്ട് കേരളത്തിൽ പ്രവർത്തിച്ചില്ല എന്നത് ശ്രദ്ധിക്കണം. ബാംഗ്ലൂരിലും ദൽഹിയിലും ഹൈദരാബാദിലും താമസിച്ചായിരുന്നു അവരുടെ നീക്കങ്ങൾ. കേരളത്തിൽ തങ്ങളുടെ നീക്കങ്ങൾ ശ്രദ്ധിക്കപ്പെടും എന്നുറപ്പുണ്ട്. അതുകൊണ്ടുതന്നെയാണ് കേരളത്തിൽ ഇതുവരെയും അത്തരം ആക്രമണങ്ങളുണ്ടാകാത്തതും. പോലീസും സമൂഹവും തമ്മിലുള്ള ബന്ധം ഇതിൽ വലിയ ഘടകമാണ്. വിദേശരാജ്യങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ കേരള പോലീസിന് പരിമിതിയുണ്ട്- അദ്ദേഹം പറഞ്ഞു. കേരളത്തിൽ മതഭ്രാന്ത് ബാധിച്ചവരെ ഭീകരപ്രസ്ഥാനങ്ങൾ നോട്ടമിടുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഒരു സമൂഹത്തിലെ ചെറിയ ന്യൂനപക്ഷമാണ് ഇവരുടെ കെണിയിൽ പെടുന്നത്. കേരളത്തിൽ ഭീകരവാദപ്രവർത്തനത്തിന് വേരുകളില്ല. എന്നാൽ ഇലകളുണ്ട്. മുൻ ഡി.ജി.പി വ്യക്തമാക്കി. ഇന്ന് മാധ്യമങ്ങൾ സെൻസേഷണലായി വിഷയത്തെ സമീപിക്കുന്നതുകൊണ്ടാണ് ഇത്രയും ശ്രദ്ധിക്കപ്പെടുന്നത്. അന്ന് സമൂഹം ഇതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞിരുന്നില്ല. അതുകൊണ്ടുതന്നെ അന്ന് ഇത്തരം ഗ്രൂപ്പുകൾ സജീവമായിരുന്നു. പക്ഷേ അവർ കേരള പോലീസിന്റെ പിടിയിൽപ്പെട്ടതുകൊണ്ടുമാത്രം കേരളത്തിൽ അവരുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചില്ല. വാഗമൺ കേസുപോലും മാധ്യമങ്ങൾക്ക് വാർത്തയായത് എപ്പോഴെന്ന് ചിന്തിക്കം. സൂറത്ത് സ്ഫോടനത്തിനുശേഷമാണ് വാഗമൺ ക്യാമ്പ് പോലും ചർച്ച ചെയ്യപ്പെട്ടത്. പോലീസ് അതിനുമുൻപേ കേസുകൾ എടുത്തിരുന്നു. സൂറത്ത് സംഭവത്തിന് ശേഷമാണ് ഏതെങ്കിലും ഏജൻസി അന്വേഷിച്ചെത്തുന്നതുപോലും- ജേക്കബ് പൂന്നൂസ് പറഞ്ഞു. **(ജന്മഭൂമി 14/7/2016)**

# ദളിത് പീഡനത്തിന് കാരണം ചാതുർവർണ്യചിന്ത: സീതാറാം യെച്ചൂരി

**ന്യൂഡൽഹി:** ജനങ്ങളിൽ ശാസ്ത്രീയമനോഭാവം വളർത്തിയെടുക്കാതെ ദളിതർക്കെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ കഴിയില്ലെന്ന് സിപിഐഎം രാജ്യസഭാകക്ഷി നേതാവ് സീതാറാം യെച്ചൂരി പറഞ്ഞു. ഇതോടൊപ്പം ദളിതരുടെ, സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കണം. ബിജെപി സർക്കാർ അധികാരത്തിൽ വന്നശേഷം ദളിതർക്കെതിരായ ആക്രമണങ്ങൾ വർധിപ്പിക്കാൻ കാരണം ആർഎസ്എസ് പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനമാണ്. ചാതുർവർണ്യവ്യവസ്ഥയിൽ അധിഷ്ഠിതമാണ് ആർഎസ്എസ് പ്രത്യയശാസ്ത്രം. ദളിതനായി ജനിക്കാൻ കാരണം പൂർവജന്മ പാപങ്ങളാണെന്ന വിശ്വാസവും ഇവർ പ്രചരിപ്പിക്കുന്നു. ഇത്തരം ആശയങ്ങൾ സൃഷ്ടിക്കുന്ന മനോഭാവം സമൂഹത്തിൽ പ്രബലമാകുന്നതാണ് ദളിതർ വർധിച്ചതോതിൽ ആക്രമിക്കപ്പെടാൻ കാരണം- രാജ്യത്ത് പെരുകുന്ന ദളിത് പീഡനങ്ങളെക്കുറിച്ച് രാജ്യസഭയിൽ നടന്ന ചർച്ചയിൽ സീതാറാം യെച്ചൂരി പറഞ്ഞു.

കെട്ടുകഥകളുടെ പേരിലാണ് ദളിതർ കൂടുതലായും ആക്രമിക്കപ്പെടുന്നത്. ബി.ജെ.പി അധികാരത്തിൽവന്നശേഷം ആക്രമിക്കപ്പെടാൻ പുതിയ രണ്ട് മേഖല തുറന്നിരിക്കുന്നു. ഗോസംരക്ഷണത്തിന്റെ പേരിലും അക്കാദമിക് രംഗത്തും. ചത്ത കന്നുകാലികളുടെ തോലുരിച്ച് എത്രയോ കാലമായി ദളിതർ ഉപജീവനം തേടുന്നു. ഇപ്പോൾ ഇതിന്റെ പേരിൽ ദളിതർ ആക്രമിക്കപ്പെടുന്നു. കഴിഞ്ഞവർഷം രാജ്യത്ത് ആത്മഹത്യചെയ്ത 25 വിദ്യാർഥികളിൽ 23പേരും ദളിതർ. വിദ്യാഭ്യാസപരമായി ദളിതർ ഉയരുന്നത് സഹിക്കാൻ വയ്യാതെ നടത്തുന്ന പീഡനങ്ങളാണ് ഇതിനു കാരണം. ദളിതർക്കുനേരെയുണ്ടായ ആക്രമ

ണങ്ങളുടെ എണ്ണം 2013ൽ നിന്ന് 2014 ആയപ്പോൾ 19 ശതമാനം വർധിച്ചു. എന്നാൽ, 2014ൽ ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം അഞ്ച് ശതമാനം മാത്രമാണ്. പട്ടികജാതി ഉപപദ്ധതിപ്രകാരം ചെലവഴിക്കുന്ന തുകയിൽ 2013-14നെ അപേക്ഷിച്ച് 2014-15ൽ 38 ശതമാനം കുറവുണ്ടായി. ഗുജറാത്തിൽ ദളിതർക്കെതിരായ ആക്രമണങ്ങൾ അന്വേഷിക്കാൻ കമ്മീഷൻപോലുമില്ല. മിക വുള്ളവരായി ദളിതർ ഉയരുന്നത് അംഗീകരിക്കാൻ ആർഎസ്എസ് തയ്യാറല്ല. മിശ്രവിവാഹങ്ങളുടെ പേരിലും ആക്രമിക്കപ്പെടുന്നു. ഈപ്രശ്നങ്ങൾ പരിഹരിക്കാൻ ശാസ്ത്രീയവീക്ഷണം വളർത്തണം. അല്ലെങ്കിൽ അടുത്ത തലമുറയിലും ഇതൊക്കെ ആവർത്തിക്കും. ... **(ദേശാഭിമാനി 22/7/2016)**

## സദാചാരം മാത്രമല്ല, സഹിഷ്ണുതയും യുവാക്കൾ പഠിക്കണം: സുപ്രീം കോടതി

**ന്യൂഡൽഹി:** സദാചാരം മാത്രമല്ല, ആശയ വൈവിധ്യത്തെയും വിശ്വാസങ്ങളെയും അംഗീകരിക്കൽ, ഭിന്നമായ നിലപാടുള്ളവരോടുള്ള സഹിഷ്ണുത തുടങ്ങിയവയും ജനാധിപത്യ സമൂഹത്തിൽ ചെറുപ്പക്കാർ പഠിക്കേണ്ട സുപ്രധാന മൂല്യങ്ങളാണെന്നു സുപ്രീം കോടതി. മൂല്യങ്ങൾ വളർത്താനുള്ള സങ്കൽപമായി സദാചാരത്തെ കരുതുന്നത് വിപരീത ഫലമുണ്ടാക്കാൻ ഇടയുണ്ടെന്നു ചീഫ് ജസ്റ്റിസ് ടി.എസ്. താക്കൂർ അധ്യക്ഷനായ ബെഞ്ച് ചൂണ്ടിക്കാട്ടി. രാജ്യത്തെ സ്കൂൾ പാഠ്യപദ്ധതിയിൽ സന്മാർഗപാഠത്തിനു വേണ്ടത്ര ഊന്നൽ നൽകാൻ നിർദേശിക്കണമെന്നാവശ്യപ്പെട്ടു സന്തോഷ് സിങ് എന്ന അഭിഭാഷക നൽകിയ റിട്ട് ഹർജി തള്ളിക്കൊണ്ടുള്ള വിധിയിലാണു കോടതി ശ്രദ്ധേയ നിരീക്ഷണങ്ങൾ നടത്തിയത്. പൊതുനന്മയ്ക്കായുള്ള എല്ലാ കാര്യങ്ങളും കോടതിയിലൂടെ നടപ്പാക്കാനവില്ല. പൊതുതാൽപര്യ ഹർജിക്കാർ ഉന്നയിക്കുന്ന സാമൂഹിക ദോഷങ്ങൾക്കെല്ലാം ജുഡിഷ്യൽ പ്രക്രിയയിലൂടെ പരിഹാരമുണ്ടാക്കാനാവില്ല. ഭരണഘടനയുടെയും നിയമത്തിന്റെയും ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുള്ള അധികാരപ്രയോഗം സാധ്യമാണോയെന്നാണു ഭരണപരമായ പ്രശ്നം ഉന്നയിക്കപ്പെടുമ്പോൾ കോടതി പരിശോധിക്കുക. **(മലയാള മനോരമ 23/7/2016)**

## മതം മാറ്റിയത് 800 പേരെ

**കൊച്ചി:** മലയാളികൾ ഐഎസിൽ ചേർന്ന സംഭവവുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം പുതിയ വഴിത്തിരിവിലേക്ക്. മലയാളികളെ കൂട്ടത്തോടെ മതപരിവർത്തനത്തിന് വിധേയരാക്കി ഐഎസിലേക്ക് റിക്രൂട്ട് ചെയ്തത് റിസ്വാൻ ഖാനും അർഷിദ് ഖുറേഷിയുമാണെന്ന് പൊലീസ്. കൊച്ചിയിലെത്തിച്ച ഇവരെ ചോദ്യംചെയ്തതിൽനിന്നാണ് കൂടുതൽ വിവരങ്ങൾ ലഭ്യമായത്. ഇടപ്പള്ളിയിൽനിന്ന് പോയ മെറിനെ മറിയയാക്കിയതും ബാസ്റ്റ്യനെ യഹ്യയാക്കിയതും വിവാഹപത്രത്തിൽ ഒപ്പിട്ടതും റിസ്വാൻ ഖാനാണ്. ഖുറേഷി ഇതുവരെ 800ഓളം പേരെ മതംമാറ്റിയെന്ന് പൊലീസ് പറയുന്നു. ... **(മെട്രോവാർത്ത 26/7/2016)**

## ഗർഭഛിദ്ര നിയമത്തിൽ ഇളവ്: വ്യാപക ദുരുപയോഗത്തിന് സാധ്യത

രാജ്യത്ത് നിലനിൽക്കുന്ന ഗർഭഛിദ്ര നിയമത്തിൽ ഇളവ് വരുത്തി സുപ്രീം കോടതി വിധി. വ്യാപകമായ ദുരുപയോഗത്തിനും ഗർഭഛിദ്രം വൻ തോതിൽ കൂടുന്നതിനും ഇടയാക്കുന്ന വിധിയാണ് പരമോന്നത കോടതി പുറപ്പെടുവിച്ചിരിക്കുന്നത്. അസ്വാഭാവികതയുള്ള ആറ് മാസം (24 ആഴ്ച) പ്രായമുള്ള ഗർഭം അലസിപ്പിക്കാനാണ് സുപ്രീം കോടതി അനുമതി നൽകിയിരിക്കുന്നത്. ... **(സിറാജ് 26/7/2016)**

## പടച്ചോന്റെ ചിത്രപ്രദർശനം രചിച്ച യുവഎഴുത്തുകാരനെ ആക്രമിച്ചു

**കൂറ്റനാട്:** പുറത്തിറങ്ങാനിരിക്കുന്ന പടച്ചോന്റെ ചിത്രപ്രദർശനം എന്ന പുസ്തകം രചിച്ച യുവ എഴുത്തുകാരനും സാമൂഹ്യപ്രവർത്തകനുമായ പി.ജിംഷാറിനെ അജ്ഞാത സംഘം ആക്രമിച്ചു. ഞായറാഴ്ച രാത്രി പത്തരയോടെ പാലക്കാട് ജില്ലയിലെ കൂറ്റനാട് വെച്ചാണ് ജിംഷാറിന് മർദ്ദനമേറ്റത്. നാലംഗസംഘമാണ് ആക്രമണം നടത്തിയതെന്ന് ജിംഷാർ പറഞ്ഞു. നട്ടെല്ലിന് പരിക്കേറ്റ ജിംഷാറിനെ കൂറ്റനാടുള്ള സ്വകാര്യആസ്പത്രിയിൽ പ്രവേശിപ്പിച്ചു. തിരിയാനോ മറിയാനോ കഴിയാത്ത അവസ്ഥയിലാണിപ്പോൾ.. സംഭവത്തിൽ ചാലിശ്ശേരി പോലീസ് കേസെടുത്തു. പടച്ചോന്റെ ചിത്രപ്രദർശനം എന്ന പുസ്തകം ആഗസ്ത് അഞ്ചിന് പുറത്തിറങ്ങാനിരിക്കുകയാണ്. പുസ്തകത്തിന്റെ പേരിൽ നേരത്തേതന്നെ ഭീഷണിയുണ്ടായിരുന്നു. പുസ്തകത്തിന്റെ കവർ ജിംഷാർ വാട്ട്സാപ് ഡിസ്പ്ലേ ചിത്രമാക്കിയതിനെത്തുടർന്ന് വാട്ട്സാപ് വഴിയും ഭീഷണിയുണ്ടായി. ... **(മാതൃഭൂമി 26/7/2016)**

# അനാഥശാലകളെ ജുവനൈൽ നിയമത്തിന്റെ കീഴിലാക്കരുത്:
## ഇ. ടി. മുഹമ്മദ് ബഷീർ

**ന്യൂഡൽഹി:** അനാഥശാലകളെ ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവരരുതെന്ന ഇ.ടി. മുഹമ്മദ് ബഷീർ എം.പി. ഓർഫനേജ് കൺട്രോൾ ബോർഡ് ആക്ടിനു കീഴിൽ അനാഥശാലകൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്നും പാർലമെന്റിൽ നടന്ന ചൈൽഡ് ലേബർ പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ ബില്ലിന്റെ ചർച്ചയിൽ അദ്ദേഹം പറഞ്ഞു. അനാഥശാലകളെ ജുവനൈൽ നിയമത്തിൽ കൂടി ഉൾപ്പെടുത്തുന്നത് ആശയക്കുഴപ്പത്തിനിടയാക്കു, കേരളം ഇത്തരം ആശയക്കുഴപ്പം നേരിടുകയാണ്. അതിനാൽ കേന്ദ്രസർക്കാർ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകണം. എവിടെയെല്ലാം ബാലവേലനടക്കുന്നുവെന്ന് കണ്ടെത്താനുള്ള സാഹചര്യംപോലും രാജ്യത്തില്ല. ... **(ചന്ദ്രിക 27/7/2016)**

# ധ്യാനാത്മക സന്യാസത്തെപ്പറ്റി പ്രമാണരേഖ

**വത്തിക്കാൻസിറ്റി:** ഫ്രാൻസിസ് മാർപാപ്പ സ്ത്രീകളുടെ ധ്യാനാത്മക ജീവിതം സംബന്ധിച്ച പുതിയ അപ്പസ്തോലിക പ്രമാണരേഖ പുറത്തിറക്കി. ദൈവത്തിന്റെ മുഖം തേടി (വുൾതും ദേയി ക്വേറേറെ) എന്ന ഈ പ്രമാണരേഖ ധ്യാനാത്മക സന്യാസസമൂഹങ്ങൾക്കു പുതിയ നിയമസംഹിത തയാറാക്കുന്നതിനു വഴിതെളിക്കു. പന്ത്രണ്ടാം പീയൂസ് മാർപാപ്പ പുറപ്പെടുവിച്ച 1950-ലെ സ്പോൺസാ ക്രസ്റ്റി എന്ന പ്രമാണരേഖയ്ക്കു തുടർച്ചയായുള്ളതാണിത്. സന്യാസാർഥിനികളുടെ പരിശീലനം സംബന്ധിച്ച എല്ലാ വിഷയങ്ങളെയും പ്രമാണരേഖ വിശകലനം ചെയ്തു. ... **(ദീപിക 27/7/2016)**

# ഫ്രാൻസിൽ വീണ്ടും ഭീകരാക്രമണം: വൈദികനെ കഴുത്തറുത്തു കൊന്നു

**പാരീസ്:** ഫ്രാൻസിലെ റൂയിൻനഗരത്തിലെ സെന്റ് എറ്റിയാനെ എൻ റൂവറി പള്ളിക്കു നേരെ ഐ.എസ്. ആക്രമണം. വികാരിയെ ഭീകരർ കഴുത്തറുത്തുകൊന്നു. കന്യാസ്ത്രീക്കു ഗുരുതര പരുക്കേറ്റു. രണ്ട് അക്രമികൾ പോലീസ് വെടിവയ്പിൽ കൊല്ലപ്പെട്ടു. ഫാ. ഷാക് ഹാമൽ (86) ആണു കൊല്ലപ്പെട്ടത്. സംഭവവുമായി ബന്ധപ്പെട്ട് ഒരാൾ അറസ്റ്റിലായതായി ഫ്രാൻസ് അറിയിച്ചു. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഐ.എസ് ഏറ്റെടുത്തു. പ്രാദേശിക സമയം രാവിലെ ഒൻപതു മണിക്കാണു ഭീകരർ പള്ളിയിലെത്തിയത്. പള്ളിയിലുണ്ടായിരുന്ന ഫാ. ഷാക് ഹാമലിനെയും രണ്ട് കന്യാസ്ത്രീകളെയും രണ്ട് വിശ്വാസികളെയും ഇവർ ആക്രമിക്കുകയായിരുന്നു. ഒരു കന്യാസ്ത്രീ ഓടിരക്ഷപ്പെട്ടു. ഇവരിലൂടെയാണ് ആക്രമണവാർത്ത പുറംലോകമറിഞ്ഞത്. മദ്ബഹയിൽ കടന്ന ഭീകരർ വൈദികനെ കഴുത്തറുത്തു കൊല്ലുകയായിരുന്നു. വൈകാതെ സുരക്ഷാസേന പള്ളി വളഞ്ഞു. ഏറ്റുമുട്ടലിൽ അക്രമികൾ കൊല്ലപ്പെട്ടു. ... **(മംഗളം 27/7/2016)**

# ജാഗ്രതയും പ്രാർഥനയും വേണം
## ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി

**കൊച്ചി:** ഏതാനും നാളുകളായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ വിശ്വാസികൾക്കു നേരെയുണ്ടാകുന്ന അതിക്രമങ്ങൾ ആശങ്കയുണർത്തുന്നതാണെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. കഴിഞ്ഞ ദിവസം വടക്കൻ ഫ്രാൻസിലെ ദേവാലയത്തിൽ ദിവ്യബലിയർപ്പിച്ചുകൊണ്ടിരുന്ന വൈദികൻ ഫാ. ഷാക് ഹാമൽ മൃഗീയമായി കൊല്ലപ്പെട്ട സംഭവം ലോകമനഃസാക്ഷിയെ ഞെട്ടിക്കുന്നതാണ്. അടുത്തകാലത്തു ഫ്രാൻസിൽത്തന്നെ നടക്കുന്ന മൂന്നാമത്തെ ഭീകരാക്രമണമാണിത്. യെമനിലെ ഏഡനിൽ പൗരോഹിത്യശുശ്രൂഷയിലായിരുന്ന ഫാ. ടോം ഉഴുന്നാലിലിന്റെ തിരോധാനം സംഭവിച്ചിട്ട് അഞ്ചു മാസമാകുന്നു. ഇദ്ദേഹത്തെക്കുറിച്ചു വ്യക്തമായ ഒരു വിവരവും ലഭിച്ചിട്ടില്ലെന്നത് ഉത്കണ്ഠ ഉളവാക്കുന്നു. ഈ അവസരത്തിൽ തന്നെ മിഷനറീസ് ഓഫ് ചാരിറ്റീസ് സമൂഹത്തിലെ നാലു സന്യാസിനികൾ ഉൾപ്പെടെ പന്ത്രണ്ടു പേർ കൊല്ലപ്പെട്ടതും മറക്കാവുന്നതല്ല. ക്രൈസ്തവ വിശ്വാസത്തിലും അതിന്റെ പൈതൃകത്തിലും ജീവിക്കുന്നവരെ വശത്താക്കി തീവ്രവാദ, രാജ്യവിരുദ്ധ പ്രവർത്തനങ്ങൾക്കു പ്രേരിപ്പിക്കുന്ന സംഭവങ്ങൾ നമ്മുടെ നാട്ടിൽത്തന്നെ ഉണ്ടാകുന്നുവെന്നതും ഗൗരവമായി കാണേണ്ടതുണ്ട്. മതവിശ്വാസത്തെ തീവ്രവാദത്തിനുപയോഗിക്കുന്ന ഒരുവിഭാഗം ആളുകളുടെ ക്രൂരതയ്ക്കു മനുഷ്യസമൂഹം തലകുനിച്ചുനിൽക്കേണ്ട സാഹചര്യം ദയനീയമാണ്. മതേതരത്വം ഉയർത്തിപ്പിടിക്കുന്ന പൊതുസമൂഹത്തിൽ, വിശ്വാസജീവിതം മുറുകെപ്പിടിക്കുന്നവർക്കെതിരെയുണ്ടാകുന്ന അതിക്രമങ്ങളെ ശക്തമായി അപലപിക്കേണ്ടിയിരിക്കുന്നു. ഇത്തരം പ്രവണതകളെ സൂക്ഷ്മതയോടെ വീക്ഷിക്കാനും മതേതര മൂല്യങ്ങൾ മുറുകെപ്പിടിക്കാനും എല്ലാ മതങ്ങളിലുമുള്ള വിശ്വാസികൾക്കു സംരക്ഷണം നൽകാനും ഭരണകർത്താക്കൾക്കു കടമയുണ്ട്.

അതിക്രമങ്ങളുടെ പേരിൽ മതവൈരമോ പരസ്പര വിദ്വേഷമോ വളർത്താതിരിക്കാൻ ഏവരും ശ്രദ്ധിക്കണം. ഭയപ്പെടാതെ വിശ്വാസബോധ്യത്തോടെ ഇതിനെ നോക്കിക്കാണാനാണു ക്രൈസ്തവർ ശ്രദ്ധിക്കേണ്ടത്. നിരവധി പ്രതിസന്ധികളെ തരണം ചെയ്തു വളർന്നതാണു ക്രൈസ്തവവിശ്വാസം. വിശ്വാസം എന്നും സംരക്ഷിക്കപ്പെടാനും സഹനങ്ങളെ ധീരതയോടെ ഏറ്റെടുക്കാനും ലോകമെങ്ങും പീഡനമനുഭവിക്കുന്നവരുടെയും മറ്റെല്ലാ വിശ്വാസികളുടെയും സുസ്ഥിതിക്കു വേണ്ടിയും തീക്ഷ്ണമായി പ്രാർഥിക്കണം. ജൂലൈ 31 ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും പ്രത്യേക പ്രാർഥന നടത്തണം. വിശ്വാസജീവിതത്തിന്റെ വർത്തമാനകാല വെല്ലുവിളികളെ അതിജീവിക്കാനും സമാധാനപൂർവകമായ ജീവിതം നയിക്കാനുമുള്ള മാർഗനിർദേശങ്ങൾ നൽകണമെന്നും കർദിനാൾ മാർ ജോർജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. **(ദീപിക 28/7/2016)**

## ഈ യുദ്ധം മതങ്ങളുടേതല്ല: ഫ്രാൻസിസ് പാപ്പ

**വാഴ്സ:** ലോകംയുദ്ധത്തിലാണെന്നും, മതങ്ങൾ തമ്മിലുള്ള യുദ്ധമല്ല അതെന്നും ഫ്രാൻസിസ് മാർപാപ്പ. പോളണ്ടിലേക്കുള്ള യാത്രക്കിടെയാണ് പാപ്പ ഈ അഭിപ്രായപ്രകടനം നടത്തിയത്. ഫ്രാൻസിൽ പള്ളി ആക്രമിച്ച് പുരോഹിതനെ കൊലപ്പെടുത്തിയ സംഭവത്തെക്കുറിച്ച് മാധ്യമപ്രവർത്തകരുടെ ചോദ്യത്തോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. യുദ്ധമാണിത്. അത് സമ്മതിക്കാൻ ഭയക്കേണ്ട കാര്യമില്ല. യുദ്ധമെന്നാൽ താൽപ്പര്യങ്ങളുടെ യുദ്ധമാണ്. സമ്പത്തിനും വിഭവങ്ങൾക്കും വേണ്ടിയുള്ള യുദ്ധം. മതങ്ങളുടെ യുദ്ധത്തെക്കുറിച്ചല്ല ഞാൻ പറയുന്നത്. മതങ്ങൾക്ക് യുദ്ധം ആവശ്യമില്ല. മറ്റുള്ളവർക്കാണ് യുദ്ധം ആവശ്യം - മാർപാപ്പ വിശദീകരിച്ചു. **(ദേശാഭിമാനി 28/7/2016)**

## ഏക സിവിൽകോഡ് മൗലികാവശങ്ങളുടെ നിഷേധം: സമസ്ത

**കോഴിക്കോട്:** ഏക സിവിൽകോഡ് ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് അനുവദിച്ച മൗലികാവകാശങ്ങളുടെ നിഷേധമാണെന്നു കോഴിക്കോട് ചേർന്ന സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ മുശാവറ യോഗം അഭിപ്രായപ്പെട്ടു. ഏക സിവിൽ കോഡ് കൊണ്ടുവരുന്നതിനുള്ള നീക്കത്തിൽ നിന്നു ബന്ധപ്പെട്ടവർ പിന്തിതിരിയണമെന്നും യോഗം ആവശ്യപ്പെട്ടു. ... **(സുപ്രഭാതം 28/7/2016)**

## പശുവിറച്ചി കൈവശംവെച്ചെന്നാരോപിച്ച് മധ്യപ്രദേശിൽ മുസ്ലീംസത്രീകളെ മർദിച്ചു

**ഭോപ്പാൽ:** പശുവിറച്ചി കൈവശംവെച്ചെന്നാരോപിച്ച് മധ്യപ്രദേശിൽ രണ്ട് മുസ്ലീംസ്ത്രീകളെ ഹിന്ദുദൾ പ്രവർത്തകർ മർദിച്ചു. മധ്യപ്രദേശിലെ മാൻഡ്സുറിലുള്ള റെയിൽവേ സ്റ്റേഷനാണ് സംഭവം. ... **(മാതൃഭൂമി 28/7/2016)**

## ഫാ. ടോം ഉഴുന്നാലിലിനെ തട്ടിക്കൊണ്ടുപോയ മൂന്നുപേർ പിടിയിൽ: കേന്ദ്ര ആഭ്യന്ത്രമന്ത്രാലയം സ്ഥിരീകരിച്ചു

**ഏദൻ:** തെക്കൻ യെമനിൽ മിഷനറീസ് ഓഫ് ചാരിറ്റിയുടെ വൃദ്ധമന്ദിരം ആക്രമിച്ച് വൈദികൻ ഫാ. ടോം ഉഴുന്നാലിലിനെ തട്ടിക്കൊണ്ടുപോയ സംഘത്തിൽ മൂന്നുപേർ പിടിയിൽ. ഇവർ അൽ-ഖെയ്ദയിൽപ്പെട്ടവരാണെന്നാണ് റിപ്പോർട്ട്. ... **(മാതൃഭൂമി 30/7/2016)**

## ഏകീകൃത സിവിൽകോഡ് നീക്കത്തെ പ്രതിരോധിക്കും: പി.കെ കുഞ്ഞാലിക്കുട്ടി

**കണ്ണൂർ:** ഏകീകൃത സിവിൽകോഡ് നടപ്പാക്കാനുള്ള നീക്കത്തെ ശക്തമായി പ്രതിരോധിക്കുമെന്ന് മുസ്ലിം ലീഗ് ദേശീയ ട്രഷറർ പി.കെ. കുഞ്ഞാലിക്കുട്ടി. ഏക സിവിൽകോഡ് നടപ്പാക്കാനുള്ള ശ്രമത്തിനു പിന്നിൽ സംഘ്പരിവാറിനു രാഷ്ട്രീയ അജണ്ടയുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിലുള്ള നീക്കത്തെ ചെറുക്കാനുള്ള ആർജവം കാണിക്കണം. എം.എസ്.എഫ് സംസ്ഥാന സമ്മേളനത്തിൽ മുഖ്യ പ്രഭാഷണ നടത്തുകയായിരുന്നു അദ്ദേഹം. ... **(ചന്ദ്രിക 31/7/2016)**

## ബീഫ് വിഷയത്തിൽ രാജ്യസഭ ബഹളമയം

**ന്യൂഡൽഹി:** ഗുജറാത്തിൽ ചത്ത പശുവിന്റെ തൊലി ഉരിഞ്ഞെന്ന് ആരോപിച്ച് ദലിത് യുവാക്കളെ നഗ്നരാക്കി ക്രൂരമായി മർദിച്ച സംഭവത്തിൽ പ്രതിപക്ഷം സർക്കാരിനെ തുടർച്ചയായി പ്രതിക്കൂട്ടിൽ നിർത്തുന്നതിനിടെ മധ്യപ്രദേശിൽ മുസ്ലിം സ്ത്രീകളെ ആക്രമിച്ചതിനെച്ചൊല്ലിയും രാജ്യസഭ ബഹളത്തിൽ മുങ്ങി. ... **(സുപ്രഭാതം 28/7/2016)**

## ലൗജിഹാദ് തുടച്ചുനീക്കും: വിഎച്ച്പി

**തിരുവനന്തപുരം:** ഭാരതീയ സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ലൗജിഹാദെന്ന ഭീകരതയ്ക്കെതിരെ ശക്തമായ നിയമപോരാട്ടവും ബോധവത്കരണവും ആവിഷ്കരിച്ച് നടപ്പാക്കുമെന്നും പ്രതിനിധിസമ്മേളനം വ്യക്തമാക്കുന്നു. ധർമാചാര്യന്മാരും സന്ന്യാസശ്രേഷ്ഠരും ഹൈന്ദവനേതാക്കളും ചേർന്ന് 52 വർഷം മുമ്പ് സനാതനധർമസംസ്കാര സംരക്ഷണത്തിനായി മുംബൈയിലാണ് വിശ്വഹിന്ദുപരിഷത്തിന്റെ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത്. .... **(ജന്മഭൂമി 31/7/2016)**

## ഇന്ത്യയിൽ ബീഫിന്റെ പേരിലുള്ള അക്രമങ്ങളിൽ യു.എസിന് ആശങ്ക

**ന്യൂഡൽഹി:** ബീഫിന്റെ പേരിലുള്ള ആക്രമങ്ങളടക്കം ഇന്ത്യയിൽ വർധിച്ചുവരുന്ന അസഹിഷ്ണുതയിൽ അമേരിയ്ക്കക്ക് ആശങ്ക. രാജ്യത്തെ പൗരന്മാരെ സംരക്ഷിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നും കുറ്റക്കാരെ നീതിപീഠത്തിനു മുന്നിൽ കൊണ്ടുവരണമെന്നും അമേരിക്ക ആവശ്യപ്പെട്ടു. ...**(സുപ്രഭാതം 31/7/2016)**

# കെ.സി.ബി.സി ഐക്യജാഗ്രതാ കമ്മീഷൻ കോട്ടയം മേഖല നേതൃസംഗമം
## (വ്യാഴാഴ്ച – 07.07.2016) ആർച്ച് ബിഷപ്സ് ഹൗസ്, ചങ്ങനാശ്ശേരി

**ചങ്ങനാശേരി:** മതങ്ങളുടെ വൈവിധ്യം അംഗീകരിക്കപ്പെടണമെന്നും മതേതരത്വത്തെയും മാനവിക മൂല്യങ്ങളെയും തകർക്കുന്ന വർഗീയ പ്രവണതകൾക്കെതിരേ ജാഗ്രത പുലർത്തണമെന്നും ചങ്ങനാശേരി ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ചങ്ങനാശേരി അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ കോട്ടയം മേഖലാ നേതൃസംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്. പരസ്പര സൗഹാർദത്തോടെ പൊതുനന്മയ്ക്കുവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കാൻ കത്തോലിക്കാസഭാ വിഭാഗങ്ങൾക്കു കഴിയണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

മതത്തിന്റെമേൽ രാഷ്ട്രത്തിന്റെ അനധികൃത അധിനിവേശം ഉണ്ടാക്കുന്ന ഏകീകൃത സിവിൽ കോഡ് ഭരണഘടനയിലെ മതേതരത്വത്തിനു വിരുദ്ധമാണെന്ന് അനുഗ്രഹപ്രഭാഷണത്തിൽ ആർച്ചബിഷപ് മാർ ജോസഫ് പൗവ്വത്തിൽ അഭിപ്രായപ്പെട്ടു. മതന്യൂനപക്ഷാവകാശങ്ങൾ ഭരണഘടന അനുവദിച്ചുതന്നിട്ടുള്ളതെന്നും മാർ പവ്വത്തിൽ അഭിപ്രായപ്പെട്ടു. ഐക്യജാഗ്രതാ കമ്മീഷൻ കോട്ടയം മേഖലാ കോഓർഡിനേറ്റർ എജി പാറപ്പാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു.



സീറോ മലബാർ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ഡയറക്ടർ റവ. ഡോ. ജോർജ് മത്തിപറമ്പിൽ, റവ. ഡോ. ഫിലിപ്പ് നെലപ്പ്പുരപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. ഐക്യജാഗ്രതാ കമ്മീഷൻ കോട്ടയം മേഖലാ ഡയറക്ടർ ഫാ. മാത്യൂ ചന്ദ്രൻകുന്നേൽ ചർച്ചയ്ക്ക് നേതൃത്വം നൽകി. ആനുകാലിക രാഷ്ട്രീയ, സാമൂഹിക സാഹചര്യങ്ങൾ, ഏകീകൃത സിവിൽ കോഡ്. സംസ്ഥാന ന്യൂനപക്ഷസർക്കാരിനു സമർപ്പിച്ച ശിപാർശ എന്നീ വിഷയങ്ങളിൽ യഥാക്രമം ദീപിക കോട്ടയം ബ്യൂറോ ചീഫ് റെജി ജോസഫ്, അഡ്വ. ജോജി ചിറയിൽ. അഡ്വ. പി. പി. ജോസഫ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. പൊതുചർച്ചയിൽ ഒമ്പത് രൂപതകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. സാജു സി.എസ്.റ്റി., അതിരൂപത പി.ആർ.ഒ പ്രഫ. ജെ.സി. മാടപ്പാട്ട്, ഹെൻട്രി ജോൺ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ മാധ്യമരംഗത്ത് നിരവധി പുരസ്കാരങ്ങൾ അർഹനായ ദീപിക ബ്യൂറോ ചീഫ് റെജി ജോസഫിനെ ആർച്ച്ബിഷപ് മാർ ജോസഫ് പെരുന്തോട്ടം പൊന്നാടയണിയിച്ച് ആദരിച്ചു.



അതിരൂപതാ ജാഗ്രതാ സമിതി കോഓർഡിനേറ്റർ ഫാ. ജോസഫ് പനക്കേഴം, ഡോ. സോണി കണ്ടങ്കരി, ഡോ. പി.സി. അനിയൻകുഞ്ഞ്, കുര്യച്ചൻ പുതുക്കാട്ടിൽ, സജി മതിച്ചിപറമ്പിൽ, അഡ്വ. ജോർജ് വർഗീസ് കോടിക്കൽ, കെ.വി. സെബാസ്റ്റ്യൻ കുന്നത്തുകുഴി, തോമസ് സെബാസ്റ്റ്യൻ വയ്പ്പിശേരി എന്നിവർ നേതൃത്വം നല്കി. **(ദീപിക 8/7/2016)**